# OASIS

NEWS BULLETIN മരുപ്പച്ച

Older Adults Sharing In Service

STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE

Vol. VII Book. 06 Regd. No. . ER /450/2001 1200 എടവം – മിഥുനം ജൂൺ Date: 30.06.2025




## ലോക പരിസ്ഥിതി ദിനം

OASIS
NEWS BULLETIN മർമ്മരം
Older Adults Sharing In Service

ഉപദേശക സമിതി

രാധാകൃഷ്ണൻ പുല്ലഞ്ചേരി
സംസ്ഥാന പ്രസിഡന്റ്
ഫിലിപ്പ് കോശി
ജനറൽ സെക്രട്ടറി

പത്രാധിപ സമിതി
ബി.സി.ഉണ്ണികൃഷ്ണൻ നായർ
രക്ഷാധികാരി
കെ. എൻ.വിശ്വനാഥൻ നായർ
മാനേജിംഗ് എഡിറ്റർ
റൈസാ ബീഗം
ചീഫ് എഡിറ്റർ
ത്രേസ്സ്യാമ്മ ആന്റണി
അസോസ്സിയേറ്റ് എഡിറ്റർ
പത്രാധിപസമിതി അംഗങ്ങൾ
പി.എം.ജേക്കബ്
സി.പി.മാത്യു
ഡി.കെ.രാജഗോപാൽ
എസ്.ശശികുമാർ
വി.ആർ.ബി
ജോർജ് ജോസഫ്
രാജൻ ജോർജ്
സണ്ണി ജോസഫ്
കെ. കെ.പാപ്പച്ചൻ
സമാഹരണം & സംശോധനം
മാത്യു അടയ്ക്കാമുണ്ടക്കൽ
എം.ജി.രാഘവൻ

## ഉള്ളടക്കം


| പേജ് നം. | കൃതിയുടെ പേര് | എഴുതിയ ആൾ |
|---|---|---|
| കവർ പേജ് | മുഖചിത്രം | ലോക പരിസ്ഥിതി ദിനം |
| കവർ ഉൾവശം | പത്രാധിപസമിതി ഉള്ളടക്കം | എഡിറ്റർ |
| 1-2 | പത്രാധിപക്കുറിപ്പ് ലോക പരിസ്ഥിതി ദിനം | രാധാകൃഷ്ണൻ പുല്ലഞ്ചേരി/ റൈസാബീഗം |
| 2-6 | വിരാമമില്ല കർമ്മ പഥത്തിൽ..." | കെ. എൻ. വിശ്വനാഥൻ നായർ |
| 4 | ജൂൺ 15 ഫാദേഴ്സ് ഡേ | വാർത്തകൾ |
| 4-5 | അസോസിയേഷൻ യോഗങ്ങൾ | വാർത്തകൾ |
| 6 | നാട്, സമ്പദ്‌വ്യവസ്ഥ | വാർത്തകൾ |
| 7-8 | സഹകരണ സംഘം വാർത്തകൾ | ത്രേസ്സ്യാമ്മ ആന്റണി |
| 8- 10 | യാത്രാ വിവരണം എന്റെ ചെറിയ യാത്രകൾ | പയസ് ആലുംമൂട്ടിൽ |
| 10-13 | "ചേടത്തി'മാരുടെ കാലം | ഡോ. മ്യൂസ് മേരി |
| 14 | നർമ്മ വീഥി | ഫോർവേഡ്സ് |
| 14-15 | കൗതുക വാർത്തകൾ | എം.ജി.രാഘവൻ |
| 15 | വായനക്കാർ എഴുതുന്നു | വായനക്കാർ |
| 15 | വിരമിക്കുന്നവർ | വാർത്തകൾ |
| 15-18 | ആദരാഞ്ജലികൾ | വാർത്തകൾ |
| 19 | പിൻ കവർചിത്രം | കാലവർഷത്തിൽ കുതിർന്ന് നാടും നഗരവും |

## പത്രാധിപക്കുറിപ്പ്

# ലോക പരിസ്ഥിതി ദിനം



**രാധാകൃഷ്ണൻ പൂല്ലഞ്ചേരി**

എല്ലാ വർഷവും ജൂൺ 5 ആണ് ലോക പരിസ്ഥിതി ദിനം ആയി ആചരിക്കുന്നത്. പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം വരുത്താനും കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യാനുമാണ് പരിസ്ഥിതി ദിനം ആചരിക്കുന്നത്. ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയാണ് 1974 മുതൽ ഈ ദിനാചരണം ആരംഭിച്ചത്.

**2025 ലെ ലോക പരിസ്ഥിതി ദിനം പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും. റിപ്പബ്ലിക് ഓഫ് കൊറിയ ആഗോള ആഘോഷങ്ങൾക്ക് ആതിഥേയത്വം വഹിക്കും.**

**പതിറ്റാണ്ടുകളായി, പ്ലാസ്റ്റിക് മലിനീകരണം ലോകത്തിന്റെ എല്ലാ കോണുകളിലേക്കും വ്യാപിച്ചിരിക്കുന്നു, നമ്മൾ കുടിക്കുന്ന വെള്ളത്തിലേക്കും, കഴിക്കുന്ന ഭക്ഷണത്തിലേക്കും, നമ്മുടെ ശരീരത്തിലേക്കും അത് ഒഴുകിയെത്തുന്നു. പ്ലാസ്റ്റിക് മലിനീകരണം ഒരു പ്രധാന ആശങ്കയാണെങ്കിലും, ഇന്നത്തെ പാരിസ്ഥിതിക വെല്ലുവിളികളിൽ ഏറ്റവും പരിഹരിക്കാവുന്ന ഒന്നാണ്,**



### ചില വ്യക്തമായ പരിഹാരങ്ങൾ

**ലോകമെമ്പാടുമുള്ള സമൂഹങ്ങളെ പരിഹാരങ്ങൾ നടപ്പിലാക്കുന്നതിനും അവയ്ക്കായി വാദിക്കുന്നതിനുമായി അണിനിരത്തുന്നതിനായി ഈ വർഷം UNEP നയിക്കുന്ന Beat Plastic Pollution - ൽ ലോക പരിസ്ഥിതി ദിനം പങ്കുചേരുന്നു. പ്ലാസ്റ്റിക് മലിനീകരണത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള വളർന്നുവരുന്ന ശാസ്ത്രീയ തെളിവുകൾ ലോക പരിസ്ഥിതി ദിനം ഉയർത്തിക്കാട്ടുകയും പ്ലാസ്റ്റിക് ഉപയോഗം നിരസിക്കുക, കുറയ്ക്കുക, പുനരുപയോഗം ചെയ്യുക, പുനർവിചിന്തനം ചെയ്യുക എന്നിവയിലേക്ക് നയിക്കുകയും ചെയ്യും. ആഗോള പ്ലാസ്റ്റിക് മലിനീകരണഉടമ്പടിയിലൂടെ പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കാൻ 2022-ൽ നടത്തിയ ആഗോള പ്രതിബദ്ധതയെ ഇത് ശക്തിപ്പെടു ത്തും.**

### 2025 തീമിനെക്കുറിച്ച്



റൈസാബീഗം

ഒരു പരിസ്ഥിതി ദിനം കൂടി വെഞ്ചാമരം വീശി, പീലി വിടർത്തി ആഘോഷങ്ങളോടെ കടന്നുപോയി. പ്ലാസ്റ്റിക് മലിനീകരണം മൂന്ന് ഗ്രഹ പ്രതിസന്ധികളുടെ മാരകമായ പ്രത്യാഘാതങ്ങളെ വർദ്ധിപ്പിക്കുന്നു: **കാലാവസ്ഥാ വ്യതിയാന പ്രതിസന്ധി**, **പ്രകൃതിയുടെ പ്രതിസന്ധി, ഭൂമിയുടെയും ജൈവവൈവിധ്യത്തിന്റെയും നഷ്ടം , മലിനീകരണത്തിന്റെയും മാലിന്യത്തിന്റെയും പ്രതിസന്ധി .**

ഇതുപോലെയുള്ള ദിനങ്ങൾ വരുമ്പോൾ കഥകളുടെയും കവിതകളുടെയും ഒക്കെ ഒരു ഘോഷയാത്രയാണ്. സോഷ്യൽ മീഡിയകളിൽ വൻതിരക്ക് . മരം നടീലും വൃക്ഷ പൂജയും എല്ലാം, തിരക്കോട് തിരക്ക്. പൂക്കളും കിളികളും മരങ്ങളും എല്ലാം നിറഞ്ഞു നിന്നിരുന്ന നാട് . കാടുകൾ ഇല്ലാതാ വുകയും ചത്തുപൊങ്ങുന്ന മീനുകളുടെയും മൃഗങ്ങളുടെയും വയറ്റിൽ പോലും പ്ലാസ്റ്റിക്കുകൾ കു മിഞ്ഞു കൂടുകയും ചെയ്യുന്ന അവസ്ഥ. മലിനസമാകുന്ന ജലാശയങ്ങൾ. പ്രകൃതിയിലെ സുന്ദരമുഖങ്ങൾ മാഞ്ഞുപോയികൊണ്ടി രിക്കുന്നു. അതുപോലെ മനുഷ്യഹൃദയങ്ങളിലെ നന്മകളും നാമറിയാതെ ചോർന്നുപോകുന്നുവോ ?

കാലാവസ്ഥാ വ്യതിയാനം ജനങ്ങളുടെ ജീവിതത്തെയും ആരോഗ്യത്തെയും പല വിധത്തിൽ ബാധിക്കുന്നു. സുരക്ഷിതമായ കുടിവെള്ളം, ശുദ്ധവായു, പോഷകസമൃദ്ധമായ ഭക്ഷണ വിതരണം, സുരക്ഷിതമായ താമസസ്ഥലം എന്നിവയെല്ലാം അപകടത്തിലാണ്, കൂടാതെ ഇത് ആഗോള ആരോഗ്യ മേഖലയിലെ പതിറ്റാണ്ടുകളുടെ പുരോഗതിയെ ദുർബലപ്പെടുത്തിയേക്കാം.

ലോകാരോഗ്യ സംഘടനയുടെ (WHO) റിപ്പോർട്ട് പ്രകാരം, 2030 നും 2050 നും ഇടയിൽ പരിസ്ഥിതി വ്യതിയാനം മൂലം 2,50,000-ത്തിലധികം മരണങ്ങൾ ഉണ്ടാകുമെന്ന് പ്രവചിക്കപ്പെടുന്നു , ഇത് മലേറിയ, പോഷകാഹാരക്കുറവ്, ചൂടിന്റെ സമ്മർദ്ദം, വയറിളക്കം എന്നിവ മൂലമാണ് . കൂടാതെ, ആഗോള മരണങ്ങളിൽ 24% പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണെന്നും, പാചക ഇന്ധനങ്ങളിൽ നിന്ന് പുറന്തള്ളുന്ന വീടിനുള്ളിൽ നിന്നുള്ള പുക മൂലമുള്ള 32 ലക്ഷം മരണങ്ങളും, പൊടി, പുക മുതലായവയുമായി സമ്പർക്കം പുലർത്തുന്നത് മൂലമുള്ള 42 ലക്ഷം മരണങ്ങളും സംഭവിക്കുമെന്നും കണക്കാക്കപ്പെടുന്നു. ആവാസവ്യവസ്ഥയുടെ കൂടുതൽ തകർച്ച തടയുന്നതിന്, പ്രകൃതിയെ സംരക്ഷിക്കുന്നതിന് ആഗോളതലത്തിൽ

സഹകരണപരവും പരിവർത്തനപരവുമായ പ്രവർത്തനം ആവശ്യമാണ്.
അണു കുടുംബങ്ങളിൽ മുത്തശ്ശിക്കഥകൾ പറയാൻ ഇന്ന് മുത്തശ്ശിമാർ ഇല്ല. കഥകൾ കേട്ട് മടിയിൽ ഉറങ്ങാൻ കുഞ്ഞുമക്കളുമില്ല. എടുക്കാൻ വയ്യാത്ത ചുമടുകൾ സ്കൂളിൽ പോകുന്ന കുഞ്ഞുങ്ങളുടെ ചുമലുകളിലും തലച്ചോറിലും കുത്തിനിറയ്ക്കുന്നു. മനുഷ്യരുടെ ചിന്തകളെ പോലും നിയന്ത്രിക്കുന്ന കൃത്രിമ ബുദ്ധി അല്ലെങ്കിൽ നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ സൂപ്പർ ഇൻറലിജൻസ്) വന്നു കഴിഞ്ഞു. ഇന്നത്തെ വേഗതയാർന്ന ജീവിതത്തിന് മനുഷ്യന് ഗുണകരമായ പലതും അതിലുണ്ടാവാം . പക്ഷേ അതിൻറെ ദോഷവശങ്ങളെ ക്കുറിച്ച് കൂടി ചിന്തിക്കേണ്ടിയിരിക്കുന്നു .അടുത്ത ആറ് മുതൽ 10 വർഷങ്ങൾക്കുള്ളിൽ A I ഈ ലോകത്ത് നല്ലൊരു മാറ്റം ഉണ്ടാക്കുമെന്ന് പഠനങ്ങൾ പറയുന്നു. ഏതായാലും ഒന്നു പറയാം .മനുഷ്യനാണ് ഏറ്റവും അപകടകാരിയായ സ്പീഷീസ് .മനുഷ്യനിലെ വക്രതയും തിന്മകളും ഒന്നും ഇതിനില്ല. പ്രതീക്ഷകൾ അല്ലേ നമ്മുടെ മുന്നോട്ടുള്ള ഗമനത്തിന് കരുത്തേകുന്നത്. പുത്തൻ പ്രതീക്ഷകൾ ഓരോ മനസ്സിലും ഉണരട്ടെ . പൂക്കളും കിളികളും വിരുന്നു വരട്ടെ .ആനന്ദ നൃത്തം ആടുന്ന വയലേലകൾ കണ്ട് കണ്ണും മനസ്സും നിറയട്ടെ . കാടുണരട്ടെ. ശുദ്ധവായു അനുസ്യൂതം ഒഴുകട്ടെ . ജലം വായു മണ്ണ് എന്നിവ മാലിന്യമുക്തമാകട്ടെ. നനഞ്ഞുവീഴുന്ന മഴയിൽ ഹൃദയം നൊമ്പരങ്ങൾ ഒഴുകിപ്പോയീടട്ടെ...

# "വിരാമമില്ല കർമ്മ പഥത്തിൽ..."

## ഹൃദയഹാരിയായ എസ് ബി ഐ പെൻഷനേഴ്സ് മീറ്റിലൂടെ..



**കെ. എൻ.വിശ്വനാഥൻ നായർ**
**ഡെപ്യൂട്ടി ജനറൽ സെക്രട്ടറി**

1200–ാം ആണ്ട് ഇടവം 10 2025 മെയ് 24 ശനിയാഴ്ച രാവിലെ 9 മണി കോഴിക്കോടിന്റെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന ശ്രീനാരായണ സെൻ്റനറി ഹാളിന് മുൻപിൽ ഒരുക്കപ്പെട്ട എ. പി. രവീന്ദ്രൻ നഗറിൽ എസ്. ബി. ഐ. പെന്ഷനേഴ്സ് അസോസിയേഷന്റെ പതാക ഉയരുകയാണ് .
കാസർക്കോട് മുതൽ പാറശാല വരെയുള്ള എസ്. ബി. ഐ. യിലെ മുതിർന്ന പൗരന്മാരെ പ്രതിനിധീകരിച്ചു ആയിരത്തി എഴുന്നൂറ്റി അമ്പത് അംഗങ്ങളാണ് കാറ്റിനും മഴക്കും ഒപ്പം എ. പി. രവീന്ദ്രൻ നഗറിലേക്ക് പെയ്തിറങ്ങിയത്.

സമ്മേളന വേദിക്ക് സഖാവ്. എ. പി. രവീന്ദ്രന്റെ പേരിട്ടത് അദ്ദേഹത്തിന്റെ നേതൃത്വപാടവത്തിന്റേയും സമരവീര്യത്തിന്റേയും സ്മരണക്കുള്ള അംഗീകാരമായിരുന്നു.

തിങ്ങി നിറഞ്ഞ ഓഡിറ്റോറിയത്തിനു പുറത്തെ പന്തലിൽ ഒരുക്കിയ പവലിയനിൽ ഇരുന്നു കൊണ്ട് ടി വി യിൽ പരിപാടി വീക്ഷിക്കാൻ സൗകര്യവും ഒരുക്കിയിരുന്നു.
മുദ്രാവാക്യങ്ങളുടെ അകമ്പടിയോടെ പ്രസിഡന്റ്. ശ്രീ കെ.രാജീവൻ പതാകയുയർത്തവെ, മഴ പോലും പഴയ ഓർമ്മകളിൽ പെട്ടു അൽപ നേരം പെയ്യാൻ മറന്നുപോയി.

അഹ്ലാദകരമായ അന്തരീക്ഷത്തിൽ അനൗപചാരികതയും മാനവികതയും സംയോജിപ്പിച്ചുകൊണ്ട് അവതാരകരായ ഉമാ റാവു, മംഗളം എന്നിവർ ചടങ്ങുകൾക്ക് ഊർജം നൽകി. സംഗീതം, പ്രസംഗം, കലാ സമ്മേളനം എന്നിവയുടെ സംയോജനം വഴി ഇത്തവണത്തെ സമ്മേളനം മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു. സമ്മേളനം ഘടനാപരമായും ആഘോഷപരമായും മുന്നോട്ടു കൊണ്ടുപോവുകയായിരുന്നു സംഘാടകർ.

അസോസിയേഷൻ അംഗം ജയൻ കടലുണ്ടിയുടെ മകൾ തുളസിക്കതിർ ബിന്ധ്യയുടെ രംഗപൂജയോടെ വേദി ഉണർന്നു. തുടർന്ന് ജയൻ കടലുണ്ടിയുടെ സാഹിത്യ നഗരി സൂക്ഷ്മ നാടകവും വില്ലടിച്ചാൻ പാട്ടും അരങ്ങേറി.

15 ഓളം കലാകാരന്മാരായ പെൻഷനേഴ്സ് അണിനിരന്നു കോഴിക്കോടിനെ പരിചയപെടുത്തികൊണ്ട് മനോഹരമായൊരു ദൃശ്യ വിരുന്ന് ഒരുക്കുകയായിരുന്നു.

ബി. ഹരിനാരായണൻ രചിച്ച 'വിരമിച്ചവരല്ല നമ്മൾ... വിരാമമില്ല കർമ്മ പഥത്തിൽ' എന്ന സ്വാഗത ഗാന വരികൾ പാടിക്കൊണ്ട് 21 അംഗങ്ങളാണ് വേദിയിൽ നിറഞ്ഞു നിന്നത്.
'പൊതുമേഖല തൻ മുദ്രയുമായി
ഓരോ ഇതളായ് ചേർന്നവരല്ലേ...'
എന്ന വരികളുമായി ഹൃദയ സ്പൃക്കായി കുടുംബത്തിലുള്ളവർക്കെല്ലാം സ്വാഗതം ഓതുമ്പോൾ ഒരേ വർണ്ണത്തിലുള്ള സാരിയുടുത്തു കയ്യിൽ വെളിച്ചം വിതറുന്ന ചിരാതുകളുമായി ചിരിതൂകി വരിവരിയായി ഒഴുകിയെത്തിയ കൂട്ടായ്മയിലെ നിത്യ ഹരിത നായികമാരുടെ തിരപ്പുറപ്പാട് മനോഹരമായിരുന്നു.




മൈത്രീം ഭജത അഖിലഹൃജ്ജേത്രീം
ആത്മവദേവ പരാനപി പശ്യത ।
യുദ്ധം ത്യജത സ്പർധാം ത്യജത
ത്യജത പരേഷ്വ ക്രമമാക്രമണം ॥

ജനനീ പൃഥിവീ കാമദുഘാ//സ്തേ
ജനകോ ദേവഃ സകലദയാലുഃ ।
ദാമ്യത ദത്ത ദയധ്വം ജനതാഃ
ശ്രേയോ ഭൂയാ സകലജനാനാം ॥
(എല്ലാ ഹൃദയങ്ങളിലും മൈത്രി വളരട്ടെ)
ത്യജത പരേഷ്വ ക്രമമാക്രമണം
(മറ്റുള്ളവരോട് പരുഷമാകാതെയും അവരെ പ്രകോപിപ്പിക്കാതെയും ജീവിക്കുക)
ശ്രേയോ ഭൂയാ സകലജനാനാം

എന്ന് പാടിയപ്പോൾ ലോകത്തിലുള്ള ഓരോ വ്യക്തികളോടുമുള്ള ദേവികാമിനിയുടെയും, ലിസി സക്കറിയയുടെയും പ്രാർത്ഥനയായി അത് മാറുകയായിരുന്നു.
തുടർന്ന് ഔദ്യോഗിക യോഗ നടപടികൾ ആരംഭിച്ചു.

പി.പി.ജി ഡിപ്പാർട്ട്മെന്റിന്റെ നവനിയമിത ചുമതലക്കാരനായിട്ട് പങ്കെടുത്ത അസിസ്റ്റന്റ് ജനറൽ മാനേജർ (പിപിജി) സുധിർ ദാസ്, തന്റെ ആദ്യ പൊതുസമ്മേളനം എന്ന നിലയിൽ പങ്കെടുക്കാൻ അഭിമാനമുണ്ടെന്ന് വ്യക്തമാക്കി. പെൻഷന്നേഴ്സിനുള്ള സേവനങ്ങൾ ബുദ്ധിമുട്ടില്ലാതെ പരമാവധി കാര്യങ്ങൾ ചെയ്തു തരും എന്ന് ഉറപ്പു നൽകിയ ശേഷമാണ് തന്റെ കർത്തവ്യമായ സ്വാഗത ഭാഷണത്തിലേക്കു കടന്നത്.



അസിസ്റ്റന്റ് ജനറൽ മാനേജർ (പിപിജി) സുധിർ ദാസ്

സ്റ്റേറ്റ് ബാങ്ക് ഇന്നത്തെ ഉയരങ്ങളിലേക്ക് എത്താനായി പ്രവർത്തിച്ച പഴയ തലമുറയുടെ പ്രതിബദ്ധതയും സമർപ്പണവും അദ്ദേഹം ഓർമിപ്പിച്ചു. ലഭിച്ച പരാതികൾക്ക് വൈകാതെ പരിഹാരങ്ങൾ ഉറപ്പു നൽകുന്ന ബാങ്ക് സംവിധാനത്തെ കുറിച്ച് അവകാശ പൂർവ്വം പറഞ്ഞു. പ്രൊഫഷണലിസവും വിനയവും ഒരുമിക്കുന്നു എന്നതാണ് നമ്മുടെ വിജയത്തിന്റെ അടിസ്ഥാനമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

സദസ്സ് സമ്പന്നമാക്കി, വർണ്ണ ശബളമാക്കി നിലകൊള്ളുന്ന അംഗങ്ങളെ പടയാളികൾ എന്ന് അഭിസംബോധന ചെയ്താണ് കെ രാജീവൻ അധ്യക്ഷ പ്രസംഗം ആരംഭിച്ചത്. 50 അംഗങ്ങളിൽ തുടങ്ങിയ അസോസിയേഷന്റെ വളർച്ച, ഇന്നത്തെ 14,000-ത്തിലധികം വരുന്ന അംഗ സംഖ്യയിലേക്ക് എത്തിച്ചേർന്നതിന്റെ ഗരിമ അദ്ദേഹം വിശദീകരിച്ചു. പെൻഷൻ അപ്ഡേഷൻ എന്നത് സംഘടനയുടെ ഏറ്റവും വലിയ ആവശ്യമാണെന്നും അതിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ബാങ്ക് മാനേജ്മെന്റുമായി നല്ല ബന്ധം, പ്രത്യേകിച്ച് തിരുവനന്ത പുരം എൽ.എച്ച്.ഒ.യുടെ പി.പി.ജി വിഭാഗത്തിന്റെ കഴിഞ്ഞ 3 വർഷത്തെ പ്രവർത്തനത്തെ അദ്ദേഹം പ്രശംസിച്ചു. സംഘടനയുടെ ആത്മാവാണ് “വിശ്വാസം, ഐക്യം, പങ്കാളിത്തം” എന്ന സന്ദേശം മുന്നോട്ട് വെച്ച അദ്ദേഹം, അംഗങ്ങളുടെ നിസ്വാർത്ഥമായ ഇടപെടലുകൾ, പുതിയ തലമുറയെ അംഗീകരിക്കേണ്ടതിന്റെ ആവശ്യകത, പുതിയ അംഗങ്ങളെ ഏറ്റെടുക്കാനുള്ള മനസ്സ് എന്നിവ പ്രാധാനമാണെന്ന് വ്യക്തമാക്കി.

സംഘടനയെ മാതൃകാപരമായ രീതിയിൽ നിലനിർത്താനും പരിപോഷിപ്പിക്കുവാനും നിസ്വാർത്ഥമായി പ്രയത്നിച്ച നമ്മുടെ നേതാക്കന്മാരും നമ്മുടെ അഭ്യുദയകാംക്ഷികളും എല്ലാ സഹകരണങ്ങളും നമുക്ക് നൽകുന്ന നിലവിലെ ആദരണീയരായ ഉദ്യോഗസ്ഥരും ഒരു നിലവിളക്കിലെ തിരികൾ പോലെ തെളിഞ്ഞു നിന്നു. നിലവിളക്കു കൊളുത്തി പരിപാടി ഉദ്ഘാടനം ചെയ്തത് മുഖ്യാതിഥി ആയ ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരം നെറ്റ്‌വർക്ക് II, ജനറൽ മാനേജർ, തലച്ചിൽ ശിവദാസ്, ആയിരുന്നു.

മൂന്നു വർഷം തിരുവനന്തപുരം സർക്കിളിൽ സേവനം ചെയ്തശേഷം വിരമിക്കുന്നതിനു തൊട്ടുമുമ്പുള്ള ഈ അവസാന പൊതുസമ്മേളനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിന്റെ സന്തോഷം അദ്ദേഹം പ്രകടിപ്പിച്ചു. കോഴിക്കോട്ടുള്ളത് തനതായ ബന്ധങ്ങളും പ്രതിസന്ധികളെ മറികടന്ന് പരിപാടികൾ വിജയകരമാക്കുന്ന സംഘാടക സംഘവും ആണെന്നും പ്രശംസിച്ച അദ്ദേഹം പെൻഷൻ റിവിഷൻ സംബന്ധിച്ച ഗൗരവമുള്ള നിലപാട്, ബാങ്ക് മാനേജ്മെന്റിന്റെ സഹാനുഭൂതിയോടെയുള്ള സമീപനം എന്നിവയെക്കുറിച്ച് തുറന്നു പറയുകയും ചെയ്തു. ഇന്ത്യയുടെ വളർച്ചയുടെ പിന്നിൽ സ്റ്റേറ്റ് ബാങ്കിന് വലിയ പങ്കുണ്ടെന്നും, അതിനു പിന്നിൽ പണിയെടുത്തത് തൊഴിലാളികൾ തന്നെയാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. തനിക്കു ശേഷം വരുന്ന വ്യക്തികളുമായും സഹകരണവും ആത്മീയ ബന്ധവും തുടരണമെന്നും അഭ്യർത്ഥിച്ചു.

തുടർന്നു ഫെഡറേഷൻ ഓഫ് എസ്.ബി.ഐ പെൻഷനേഴ്സ് അസോസിയേഷൻ. ജനറൽ സെക്രട്ടറി, ദീപക് കുമാർ ബസു , തന്റെ മുഖ്യ പ്രഭാഷണത്തിൽ കേരള സർക്കിൾന്റെ ഏകോപിത പ്രവർത്തന ശൈലി, അംഗങ്ങളുടെ പങ്കാളിത്തം എന്നിവയെ മാതൃകയാക്കി മറ്റു സർക്കിളുകളും പ്രവർത്തിക്കണമെന്നും ആഗ്രഹം പ്രകടിപ്പിച്ചു. പെൻഷൻ റിവിഷൻ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിഷേധാത്മക സമീപനത്തെ ശക്തമായി വിമർശിച്ച അദ്ദേഹം രാഷ്ട്രീയമോ ഫണ്ടിന്റെ കുറവോ അല്ല ഇത്തരം കാലതാമസത്തിനുള്ള കാരണമെന്നും അതെല്ലാം നീക്കി ഐ. ബി. എ യും സർക്കാർ ഉദ്യോഗസ്ഥരും ഒന്നിച്ച് വിഷയത്തിൽ തീരുമാനം എടുക്കണമെന്നും മാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും പെൻഷനേഴ്സ് അസോസിയേഷന്റെ പ്രശ്നങ്ങൾ അവതരിപ്പിക്കണമെന്നും നിർദ്ദേശിച്ചു.

സഹപ്രവർത്തകരായിരുന്നവരെ കാണാൻ ആവുന്ന ഓരോ മീറ്റിംഗും ആത്മബന്ധങ്ങൾ പുതുക്കാനുള്ള അവസര മാണെന്ന് എസ്.ബി.ഐ ഓഫീസേഴ്സ് അസോസിയേഷൻ, കേരള സർക്കിൾ, ജനറൽ സെക്രട്ടറി, രാജേഷ് എസ്. തന്റെ ആശംസയിൽ പറഞ്ഞു. ബാങ്കിന്റെ വളർച്ചയും സാമൂഹ്യ പ്രതിബദ്ധതയും, പഴയ തലമുറയിലെ ഉദ്യോഗസ്ഥരുടെ ആത്മാർത്ഥതയും കർമ്മനിഷ്ഠയും കൊണ്ടാണ് സാധ്യമായത് എന്ന് വിലയിരുത്തി. അസോസിയേഷൻ ഒരുമിച്ചു പ്രവർത്തിക്കുമ്പോഴാണ് ആവശ്യങ്ങൾ മെച്ചപ്പെട്ട തരത്തിൽ ഉന്നയിക്കാൻ കഴിയുന്നത് എന്ന് ചൂണ്ടിക്കാട്ടി. ഇപ്പോഴും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ “നാളത്തെ പെൻഷനേഴ്സാണ്” എന്ന ബോധം അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

സംഘടനയുടെ നേതൃത്വത്തിൽ നടത്തിയ പരിപാടിയുടെ അച്ചടക്കം, ശ്രേണി എന്നിവക്ക് അഭിനന്ദനം അറിയിച്ച രജത് കെ.സി, പ്രസിഡൻറ്, സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ (SBSU),

, പരസ്പര മനസ്സിലാക്കൽ കൊണ്ട് കൂടുതൽ ശക്തിപ്പെടണം എന്നും പറഞ്ഞു. കഴിഞ്ഞ വർഷങ്ങളിൽ ബാങ്കിന്റെ മാറ്റങ്ങൾക്കൊപ്പം പഴയ തലമുറയുടെ മാതൃകയും പിന്തുണയും അദ്ദേഹം ഓർത്തു. പെൻഷൻ റിവിഷൻ, ഡിഎ വൈകല്യങ്ങൾ, ഇൻഷുറൻസ് പ്രശ്നങ്ങൾ എന്നിവയിൽ യൂണിയൻ കൂടെ നിൽക്കും എന്ന് തന്റെ ആശംസാ പ്രസംഗത്തിൽ ഉറപ്പ് നൽകുകയും ചെയ്തു.

SBIPRAK ജനറൽ സെക്രട്ടറി എ.രാഘവൻ സംഘടനയുടെ ചരിത്രത്തിലൂടെ തന്റെ അഭിവാദ്യ പ്രഭാഷണം തുടങ്ങുകയും രാഷ്ട്ര പുനർനിർമ്മണത്തിൽ ബാങ്ക് നൽകിയ സേവനങ്ങളെയും ഉദാഹരിച്ചു. ഇന്നത്തെ വർദ്ധിച്ച അംഗസംഖ്യയെയും അതിന്റെ പിന്നിലെ കൂട്ടായ്മയെയും എടുത്തു പറഞ്ഞു. പെൻഷൻ റിവിഷൻ, മെഡിക്കൽ ഇൻഷുറൻസ് പ്രീമിയം ചെലവുകൾ ബാങ്ക് വഹിക്കുന്ന കാര്യത്തിൽ അനുഭാവപൂർവമായ നടപടികൾ ഉണ്ടാകേണ്ടതുണ്ടെന്നു അദ്ദേഹം പറഞ്ഞു.

# താങ്ങും തണലും, വാത്സല്യവും, അച്ഛന് വേണ്ടിയൊരു ദിനം

## ജൂണ് 15 ഫാദേഴ്സ് ഡേ

ജൂൺ മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ചയാണ് ഫാദേഴ്സ് ഡേ ആയി ആഘോഷിക്കുന്നത്. എന്നാൽ വർഷത്തിൽ ഒരു ദിവസം മാത്രമല്ല അച്ഛനെ സ്നേഹിക്കേണ്ടത് എല്ലാ ദിവസവും നമ്മുടെ അച്ഛനമ്മമാരെ നാം സ്നേഹിക്കുകയും ബഹുമാനിക്കുകയും വേണം എന്നുള്ളതാണ്. ജൂൺ 15-ന് ഈ ഫാദേഴ്സ്ഡേയിൽ നമ്മൾ അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്.



നൽകുക എന്നത് ജീവിതത്തെ സമ്പന്നമാക്കുന്ന വലിയ മൂല്യമാണെന്നും, ഉത്തരവാദിത്തം എന്നത് സ്ഥാനം മാത്രമല്ല, മറ്റുള്ളവർക്ക് നൽകാനുള്ള കഴിവ് കൂടിയാണെന്നും പിതാവിൽ നിന്ന് നാം അറിയുന്നു. പിതൃത്വം ഒരു സന്ദേശവും ഉത്തരവാദിത്തവുമാണെന്നും, പിതാവ് എപ്പോഴും ഒരു താങ്ങും മാതൃകയുമാണെന്നും "ആദ്യത്തെ അധ്യാപകൻ" ... അച്ഛനാണെന്നും ഒരച്ഛന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

# ഇൻ കം ടാക്സ് ഹെല്പ്പ് ഡെസ്ക്ക്

മുൻ വർഷങ്ങളിൽ ഉണ്ടായിരുന്നത് പോലെ തന്നെ ഈ വർഷവും ഇൻ കം ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിന് അംഗങ്ങളെ സഹായിക്കുന്നതിന് പാലാ ഏരിയാ കമ്മറ്റിയംഗം വി.കെ. പ്രഭാകരന്റെ നേതൃത്വത്തിൽ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. അംഗങ്ങൾക്ക് അദ്ദേഹത്തെ മൊബൈൽ ഫോണിൽ ബന്ധപ്പെടാവുന്നതാണ്. വി.കെ. പ്രഭാകരന്റെ മൊബൈൽ നം. 9447356444



വി.കെ. പ്രഭാകരൻ

അതുപോലെ എസ്. പുന്നൂസിനേയും ബന്ധപ്പെടാവുന്നതാണ്. (മൊബൈൽ നം.9447364228)



എസ്. പുന്നൂസ്

റിട്ടേൺ സമർപ്പിക്കാൻ സമയം ധാരാളം ഉണ്ട്. നമ്മുടെ ഏതാനും അംഗങ്ങൾ ഇതിനോടകം റിട്ടേൺ കൊടുത്തു എന്നും അറിഞ്ഞു.

# എസ്.ബി.ഐ കോട്ടയം മുഖ്യ ശാഖയിൽപ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ

എസ്.ബി.ഐ കോട്ടയം മുഖ്യ ശാഖയിൽ ബാങ്കിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ കസ്റ്റമർ സ്റ്റാഫ് മീറ്റിൽ വച്ച് മൂതിർന്നവരും വിരമിച്ചവരമായ പെൻഷൻകാരായ ആച്ചിയമ്മ എബ്രഹാം, ഹെൻട്രി ജോൺ, രഘുകുമാർ കുടുംബ

പെൻഷണർ സരസ്വതി എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു



ആച്ചിയമ്മ എബ്രഹാമും, ഹെൻട്രി ജോണും ചേർന്ന് കേക്ക് മുറിച്ച് മധുരം പങ്കിട്ടായിരുന്നു ആഘോഷങ്ങൾ. ചീഫ് മാനേജർ വിനൊദ്.എം.ആർ. എസ്.ബി.എസ്.യു. പ്രതിനിധി ജയേഷ്, അവതരണം നടത്തിയ സൗമ്യ എന്നിവർ നേതൃത്വം നല്കി.

.



ആഘോഷങ്ങൾക്ക് നാന്ദി കുറിച്ച് കേക്ക് മുറിക്കുന്ന കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ ഭരണ സമിതി അംഗം ആച്ചിയമ്മ എബ്രഹാമും എസ്..ബി.ഐ പെൻഷനേഴ്സ് അസോസ്സിയേഷന്റെ മുൻ കോട്ടയം ഡി.ജി.എസ്. ഹെൻട്രി ജോണും

## എസ്.ബി.ഐ.പെൻഷനേഴ്സ് & റിട്ടയറീസ് അസ്സോസിയേഷന്റെ സംസ്ഥാന ഭരണ സമിതി യോഗം

എസ്.ബി.ഐ. പെൻഷനേഴ്സ് & റിട്ടയറീസ് അസ്സോസിയേഷൻ 2025 ജൂൺ മാസത്തിലെ സംസ്ഥാനഭരണ സമിതി യോഗം 20–ാം തിയതി 10 മണി മുതൽ 3 മണി വരെ നടത്തി. സംസ്ഥാന പ്രസിഡന്റ് രാധാകൃഷ്ണൻ പുല്ലഞ്ചേരി അദ്ധ്യക്ഷത വഹിച്ചു.



സംസ്ഥാന ഭരണ സമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്ന സംസ്ഥാന പ്രസിഡന്റ് രാധാകൃഷ്ണൻ പുല്ലഞ്ചേരി

അനന്തരം ഈ കാലയളവിൽ നമ്മെ വിട്ട് പിരിഞ്ഞ അംഗങ്ങളെ, വിശിഷ്യാ എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും അവരെ അനുസ്മരിച്ച് അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥനയോടെ ഒരു മിനിട്ട് മൗനം ആചരിക്കുകയും ചെയ്തു.



എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ഭരണ സമിതി യോഗത്തിൽ പങ്കെടുത്തവരുടെ ഒരു ദൃശ്യം



വിവിധ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിമാരും അസിസ്റ്റന്റ് ജനറൽ സെക്രട്ടറിമാരും ജില്ലാ സെക്രട്ടറിമാരും അസിസ്റ്റന്റ് ജനറൽ സെക്രട്ടറി റൈസാ ബീഗം സ്റ്റേറ്റ് കമ്മറ്റി മെംബറും അതാത് ഏരിയാകൾ കേന്ദ്രീകരിച്ച്

നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

DhanaKaryam
ധനകാര്യം

## വീണ്ടും ഓഹരിക്കുതിപ്പ്



## 84,000 കടന്ന് സെൻസെക്സ്

പശ്ചിമേഷ്യയിലെ വെടിനിർത്തലിന് പിന്നാലെ തുടർച്ചയായ നാലാംദിവസ വും ഓഹരിവിപണിയിൽ മുന്നേറ്റം. സെൻസെക്സ് 84,000 പോയിന്റിന് മുകളിലെത്തിയപ്പോൾ നിഫ്റ്റി 25,600 പോയിന്റ് കടന്നു. 303 പോയി പോയിന്റ് കയറിയ സെൻസെക്സ് 84,058.90 പോയി പോയിന്റിലാണ് വ്യാപാരം നിർത്തിയത്. നിഫ്റ്റി 88.80 പോയിന്റ് കയറി 25,637.80 പോയിന്റിലവസാനിച്ചു. ബിഎസ്ഇയിൽ ലിസ്റ്റുചെയ്ത കമ്പനികളുടെ മൊത്തം വിപണി മൂല്യം 460.09 ലക്ഷംകോടി രൂപയിലേക്കു യർന്നു. വ്യാഴാഴ്ചയിത് 457.51 ലക്ഷം കോടി യായിരുന്നു.

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

## റിപ്പോ നിരക്കുകൾ വർദ്ധിപ്പിച്ച് ആർ.ബി.ഐ.

2025-26 സാമ്പത്തിക വർഷത്തിലെ ആദ്യ യോഗത്തിൽ ചേർന്ന മോണിറ്ററി പോളിസി കമ്മിറ്റി (എംപിസി) അതി ന്റെ 54-ാമത് യോഗത്തിൽ, പോളിസി റിപ്പോ നിരക്ക് 55 ബേസിസ് പോയിന്റുകൾ കുറയ്ക്കാൻ ഏകകണ്ഠമായി തീരുമാനിച്ചു, ഇത് ഉടനടി പ്രാബല്യത്തിൽ 5..5 ശതമാനമായി കുറച്ചു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ)

വാണിജ്യ. ആഗോള സാമ്പത്തിക സ്ഥിതി കൂടുതൽ അനിശ്ചിതത്വത്തിലായിക്കൊണ്ടിരിക്കുന്ന സമയത്താണ് ഈ തീരുമാനം. വ്യാപാര സംഘർഷങ്ങൾ വീണ്ടും ഉയർന്നുവന്നിട്ടുണ്ട്, ഇത് ക്രൂഡ് ഓയിൽ വില കുറയുന്നതിനും, യുഎസ് ഡോളറിന്റെ ദുർബലതയ്ക്കും, ബോണ്ട് ആദായങ്ങൾ മയപ്പെടുത്തുന്നതിനും, ഇക്വിറ്റി മാർക്കറ്റുകളിൽ തിരുത്തലുകൾക്കും കാരണമായി.

## ബാങ്കുകളിലെ മൊത്തം കിട്ടാക്കട അനുപാതം 2.8 ശതമാനമായി കുറഞ്ഞു

രാജ്യത്തെ ബാങ്കുകളിലെ മൊത്തം കിട്ടാക്കട അനുപാതം 2.8 ശതമാനമായി കുറഞ്ഞെന്ന് റിസർവ് ബാങ്കിന്റെ സാമ്പത്തികസ്ഥിരത സംബന്ധിച്ച ജൂണിലെ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. അറ്റ നിഷ്ക്രിയ ആസ്തി 0.60 ശതമാനമായും താഴ്ന്നു. 2024 മാർച്ചു വരെയുള്ള കണക്കുകളുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാക്കിയിരിക്കുന്നത്.

## യോഗ്യതയുള്ള സ്ഥാപന നിയമനത്തിന് എസ്.ബി.ഐ

25,000 കോടി രൂപയുടെ നിർദ്ദിഷ്ട യോഗ്യതയുള്ള സ്ഥാപന പ്ലേസ്മെന്റ് (ക്യുഐപി) കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ) അഞ്ച് നിക്ഷേപ ബാങ്കുകളെ - കോട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി, സിറ്റിഗ്രൂപ്പ് ക്യാപിറ്റൽ മാർക്കറ്റ്സ്, എച്ച്എസ്ബിസി, മോർഗൻ സ്റ്റാൻലി, ഐസിഐസിഐ സെക്യൂരിറ്റീസ് - ഷോർട്ട്ലിസ്റ്റ് ചെയ്തിട്ടുണ്ടെന്ന്, റിപ്പോർട്ട് ചെയ്തു. റൈറ്റ്സ് ഇഷ്യു അല്ലെങ്കിൽ മറ്റ് ഇക്വിറ്റി ഇഷ്യു എന്നിവയേക്കാൾ, വാങ്ങുന്നവർക്ക് സ്ഥാപനപരമായ ഓഹരികളോ കൺവേർട്ടിബിൾ സെക്യൂരിറ്റികളോ നൽകി മൂലധനം സമാഹരിക്കുന്നതിനുള്ള ഒരു വേഗത്തിലുള്ള മാർഗമാണ് ക്യുഐപി. (**Qualified institutional placement**) ഒരു ലിസ്റ്റഡ് കമ്പനിക്ക് യോഗ്യതയുള്ള സ്ഥാപന പ്ലെയ്സ്മെന്റ്.

"ഒരു ഡസനിലധികം ബാങ്കുകൾ അവതരണങ്ങൾ നടത്തി, അവരിൽ അഞ്ച് പേരെ എസ്ബിഐ ഗ്രൂപ്പിന്റെ നിക്ഷേപ ബാങ്കിംഗ് വിഭാഗമായ എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സിനൊപ്പം പ്രവർത്തിക്കാൻ തിരഞ്ഞെടുത്തു,"

2025 സാമ്പത്തിക വർഷത്തിൽ, ഇന്ത്യയിലെ ഏറ്റവും ലാഭകരമായ ബാങ്കായിരുന്നു സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ), ₹70,901 കോടി അറ്റാദായം. ഇത് മുൻനിര സ്വകാര്യ മേഖലയിലെ ബാങ്കുകളായ എച്ച്ഡിഎഫ്സി ബാങ്കിനെയും (67,347 കോടി) ഐസിഐസിഐ ബാങ്കിനെയും

(47,227 കോടി) മറികടന്നു. 2025 സാമ്പത്തിക വർഷത്തിൽ പൊതുമേഖലാ ബാങ്കുകൾ മൊത്തത്തിൽ റെക്കോർഡ് ലാഭം നേടി, മൊത്തം വരുമാനത്തിന്റെ ഒരു പ്രധാന ഭാഗം എസ്ബിഐ സംഭാവന ചെയ്തു.

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ

# ഭരണ സമിതി യോഗം

.

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ 2025 ജൂൺ മാസത്തിലെ ഭരണ സമിതി യോഗം 13 – ാം തീയതി വെള്ളിയാഴ്ച്ച പ്രസിഡന്റ് എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു. താഴെ കൊടുത്തിരിക്കുന്ന ബോർഡ് മെംബേഴ്സ് പങ്കെടുത്തു.

1. എം.ജി.രാഘവൻ
2. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
3. എൻ.സി.മാത്യു
4. റൈസാ ബീഗം
5. .പി.എം. ജേക്കബ്ബ്
6. ആച്ചിയമ്മ എബ്രഹാം
7. തോമസ് ഫിലിപ്പ്
8. ത്രേസ്യാമ്മാ ആന്റണി
9. ഗോപകുമാർ. .എൻ
10. എ.എൻ.രാജൻ
11. സിറിൽ ജോസ്.റ്റി.

വൈസ് പ്രസിഡന്റ് മാത്യു അടയ്ക്കാമുണ്ടയ്ക്കൽ സ്വാഗതം ആശംസിച്ചു. സംഘത്തിന്റെ ഓഡിറ്റിങ്ങ് ടീം താമസിയാതെ എത്തുമെന്ന് പ്രതീക്ഷിക്കുന്നതായും പ്രതിമാസ സമ്പാദ്യ പദ്ധതി (എം.എസ്.എസ്) തുടങ്ങുന്നതിന് അംഗീകാരത്തിന് ശ്രമിച്ചു വരികയാണെന്നും അദ്ദേഹം യോഗത്തെ അറിയിച്ചു.

അദ്ധ്യക്ഷൻ ഉപക്രമ പ്രസംഗത്തിൽ പുതിയ രണ്ട് എം.എസ്.എസ് കുറികൾ ആരംഭിക്കവാൻ പരിശ്രമിക്കേണ്ട കാര്യവും ആലോചിക്കണമെന്ന് നിർദ്ദേശിച്ചു. തുടർന്ന് സെക്രട്ടറി ത്രേസ്യാമ്മ ആന്റണി കഴിഞ്ഞ മാസത്തിലെ ഭരണസമിതി യോഗത്തിന്റെ മിനിട്സ് അവതരിപ്പിച്ചു. മിനിട്സ് ചർച്ച നടത്തി അംഗീകരിച്ചു. ജോ. സെക്രട്ടറി സിറിൽ ജോസ്.റ്റി. യോഗത്തിൽ 2025 മേയ് 31 വരെയുള്ള മാസാന്ത്യ കണക്കുകൾ അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. താഴെപ്പറയുന്ന തീരുമാനങ്ങൾ കെക്കൊണ്ടു. ജി.ഡി.സി.എസ്. നറുക്കെടുപ്പ് നടത്തുകയും ചെയ്തു.

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

പുതിയ "എ"ക്ലാസ്സ് അംഗത്വത്തിന് 1 അപേക്ഷ ഉണ്ടായിരുന്നു"എ" ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

### സി ക്ലാസ്സ്

കൂടാതെ 2 "സി" ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

### നവാഗതർക്ക് സ്വാഗതം!

### വായ്പ്പാ അപേക്ഷകൾ

ഒരു ലക്ഷത്തി അൻപതിനായിരം രൂപ വായ്പ്പയ്ക്ക് പുതിയതായി 2 അപേക്ഷകൾ ലഭിച്ചത് പരിഗണിച്ച് ലോൺ അനുവദിക്കാൻ തീരുമാനമായി.

### ക്ലാസ്സിഫിക്കേഷൻ പുനർനിർണ്ണയം

സംഘത്തിന്റെ ക്ലാസ്സിഫിക്കേഷൻ പുനർ നിർണ്ണയം ചെയ്ത് കിട്ടുന്നതിന് ജോയിന്റ് രെജിസ്റ്റ്റാർക്ക് അപേക്ഷ നല്കാനും തിരുമാനിച്ചു.

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2024 ജൂൺ മാസത്തിലെ നറുക്കെടുപ്പ് 9–ാം തീയതി വെള്ളിയാഴ്ച്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം യോഗത്തെ അറിയിച്ചു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

| ക്ര. നം. | ജി.ഡി. സി.എ സ്. നം. | സല (രൂപ) | | പേര് |
|---|---|---|---|---|
| 1 | XV | 100,000 | | തോമസ്.എ.ജെ. |
| 2 | XVIII | 100,000 | | ജോസഫ്.കെ.റ്റി. |
| 3 | XIX | 25,000 | | ത്രേസ്യാമ്മ ആന്റണി |
| 4 | XX | 100,000 | | ഫിലിപ്പ് സെബാസ്റ്റ്യൻ |
| 5 | XXI | 100,000 | | പി.സി.പീറ്റർ |
| 6 | XXII | 100,000 | | ജോസ്,എൻ.സി. |
| 7 | XXIII | 100,000 | | ലീലാമണി.എം.പി |
| 8 | XXIV | 50,000 | | ലക്ഷ്മണൻ നായർ |
| 9 | XXV | 100,000 | | ബാബു കുര്യൻ |
| 10 | XXVI | 100,000 | | ജോൺ.എം.ജെ. |

നറുക്ക് ലഭിച്ചവർക്ക് 2024 ജൂലായ് മാസം 12–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫോറങ്ങ ൾ ഓഫീസിൽ നിന്നു അയച്ചു കൊടുക്കുന്നതിനും. അവ പൂരിപ്പിച്ച് ഓഫീസിൽ 12–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് ജേതാക്കളെ അറിയിക്കുന്നതി നും തീരുമാനിച്ചു. . കൂടുതൽ വിവരങ്ങൾക്ക് സെക്രട്ടറി ത്രേസ്യാമ്മ ആന്റണിയെ വിളിക്കുക. 9446322416

## XXVII-ാമത്തെ 100,000 രൂപയുടെ എം.എസ്.എസ് കുറി ഉടനെ തുടങ്ങുന്നു

100000 രൂപ മുത ൽ വരുന്ന 25 മാസം കൊണ്ട് തീരുന്ന40 4000 രൂപ പ്രതിമാസ തവണകൾ വരുന്ന പുതിയ എം.എസ്.എസ് കുറി ആരംഭിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. എം.എസ്.എസിൽ ചേരാൻ സ്വയം മുന്നോട്ട് വന്ന് സെക്രട്ടറിയുമായി ബന്ധപ്പെട്ട് അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.



സെക്രട്ടറി.ത്രേസ്യാമ്മ ആന്റണി

ഭരണ സമിതി അംഗം ആച്ചിയമ്മ എബ്രഹാം കൃതഞ്ജത പ്രകാശിപ്പിച്ചു. 1.30 മണിക്ക് ശേഷം സമ്മേളനം സമാപിച്ചു.

## അവിസ്മരണീയമായ എന്റെ ചെറിയ യാത്രകൾ

# മലക്കപ്പാറ വാൽപ്പാറ യാത്ര



പയസ് ആലുംമൂട്ടിൽ

കുറച്ചു നാളുകളായി അതിരപ്പള്ളി, വാഴച്ചാൽ, മലക്കപ്പാറ, വാൽപ്പാറ എന്നീ സ്ഥലങ്ങൾ സന്ദർശിക്കണമെന്നു തോന്നിയിട്ട്. കുറെ വർഷങ്ങളായി മലക്കപ്പാ റയിലൂടെ യാത്ര ചെയ്തിട്ട്. ഇപ്പോൾ KSRTC നടത്തുന്ന ഇത്തരം യാത്രകളുടെ പരസ്യം കാണുമ്പോൾ പലപ്പോഴും അന്വേഷിച്ചെങ്കിലും പോയില്ല. അപ്പോഴാണ് ഉദയംപേരൂർ വൈ.എം.സി.എ. ഒരു പ്രീ-മൺസൂൺ ടൂറിനെപ്പറ്റി ചിന്തിച്ചതും, ഈ സ്ഥലം എല്ലാവർക്കും സ്വീകാര്യമായതും. ഞങ്ങൾ 30 പേരുടെ ഒരു സംഘമായിരുന്നു. ഒരു ദിവസം തണുപ്പുള്ള വാൽപ്പാറയിൽ താമസിക്കാമെന്നുള്ള ഒരു പ്ലാനിൽ ആണ് ഞങ്ങൾ പുറപ്പെട്ടത്.

അതിരപ്പള്ളി വാൽപ്പാറ സ്ഥലങ്ങൾ മിക്കവാറും ആളുകളുടെ സ്ഥിര സന്ദർശന സ്ഥലമാണ്. എന്നാൽ വാൽപ്പാറ മുതൽ പൊള്ളാച്ചി വരെയുള്ള റോഡിലെ ഹെയർപിൻ ആകൃതിയിലുള്ള വളവുകൾ (hair pin bends) ഒരു സംഭവം തന്നെയാണ്. ഈ വഴിയിൽ 40 ഹെയർപിൻ വളവുകൾ ഉണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഹെയർപിൻ വളവുകൾ തമിഴ് നാട്ടിലെ നാമക്കൽ ജില്ലയിലെ കൊല്ലിമല/ കൊല്ലിഘട്ട് റോഡിലാണ്. അവിടെ 72 ഹെയർപിൻ വളവുകൾ ഉണ്ട്. അത് ഇന്ത്യ യിലെ ഏറ്റവും അപകടം ഉള്ള സ്ഥലവുമാണ്. വളഞ്ഞ ലോഹ മൂടികുത്തിയോട് സാമ്യമുള്ളതിനാലാണ് ഇതിന് ഈ പേര് ലഭിച്ചത്.



മൂടികുത്തി വളവുകൾ

ത്രിശൂർ ജില്ലയിലെ ചാലക്കുടിയിൽ നിന്നാണ് വാൽപ്പാറക്ക് (Valparai) യാത്ര തുടങ്ങുന്നതെങ്കിൽ വാൽപ്പാറ എത്തുന്നതുവരയുള്ള 160 കിലോമീറ്ററിലെ ഓരോ ഇടങ്ങളും ഓരോ വിനോദസഞ്ചാര കേന്ദ്രങ്ങളാണ്. അതിരപ്പിള്ളി (Athirappilli), വാഴച്ചാൽ (Vazhachal), പെരിങ്ങല്ക്കുത്ത് (Peringalkuthu), ഷോളയാർ (Sholayar), മലക്കപ്പാറ (Malakkappara) പിന്നെ വഴിയിൽ നമ്മോടൊപ്പം സഞ്ചരിക്കുന്ന പുഴകൾ, ചെറിയ ചെറിയ വെള്ളച്ചാട്ടങ്ങൾ, പക്ഷികൾ, പൂമ്പാറ്റകൾ, നയനമനോഹരമായ കാഴ്ചകൾ, ഇടതൂർന്ന കാടുകൾ, തടാകങ്ങൾ, തേയിലത്തോട്ടങ്ങള് പിന്നെ നയന മനോഹരമായ ഇതു പോലുള്ള കാനന പാതയും.

വാൽപ്പാറയെന്ന പേര് കേട്ടാൽ ഒന്നോ രണ്ടോ ചായക്കടകളും കുറച്ചു പീടികകളുമുള്ള ചെറിയൊരു സ്ഥലമെന്ന തോന്നലുണ്ടാകാം. അത് പൂർണമായും തെറ്റാണ്. നമ്മുടെ മൂന്നാറിനോളം പോന്ന ടൗണാണ് വാൽപ്പാറ. തമിഴ്നാട് സംസ്ഥാനത്തിലെ കോയമ്പത്തൂർ ജില്ലയിലെ ഒരു താലൂക്കും ഹിൽ സ്റ്റേഷനുമാണ് വാൽപ്പാറ. സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 3500 അടി ഉയരത്തിൽ പശ്ചിമഘട്ട മലനിരകളിലെ ആനമലൈ കുന്നുകളിൽ, കോയമ്പത്തൂരിൽ നിന്നും ഏകദേശം 100 കിലോമീറ്റർ അകലെയും പൊള്ളാച്ചിയിൽ നിന്ന് 65 കിലോമീറ്ററുകൾ ദൂരത്തിലുമാണ് ഈ ഹിൽസ്റ്റേഷൻ നിലനിൽക്കുന്നത്. വിവിധ സസ്യ, ജന്തു, പക്ഷി വിഭാഗങ്ങൾ കൊണ്ട് സമ്പന്നമാണ് ഈ പ്രദേശം.



കാട്ടുപോത്തുകളുടെ വിഹാരം

കുത്തനെയുള്ള ഈ 40 ഹെയർ പിൻ വളവുകൾക്കും ആനമലൈ ദേശീയപാർക്ക് (Anaimalai Tiger Reserve ഇന്ദിരാഗാന്ധി ദേശിയോദ്യാനം എന്നും അറിയപ്പെടുന്നു. (ATR).ലെ ജന്തുജാലകങ്ങളുടെ പേരാണ് കൊടുത്തിരിക്കുന്നത്. ഓരോന്നിന്റെയും പേരുകൾ നോക്കി എഴുതണം എന്ന് ആഗ്രഹിച്ചിരുന്നു. പക്ഷെ ഓരോ വളവുകളും വേഗത്തിൽ വരുകയും കടന്നുപോകുകയും ചെയ്തപ്പോൾ അതിന് സാധിച്ചില്ല. എഴുതാൻ പോയാൽ അവിടങ്ങളിലെ സൗന്ദര്യം ആസ്വദിക്കാൻ കഴിയില്ല. ആന, പുലി എന്നിവയുമെല്ലാം സമൃദ്ധമായി ഉള്ള സ്ഥലമാണ്. എങ്കിലും ആരെയും കാണുവാൻ കഴിഞ്ഞില്ല. ഈ വളവുകളുടെ ഏരിയൽ വ്യൂ കണ്ടാൽ അതിന്റെ സൗന്ദര്യം നമുക്ക് മനസിലാകും.

ഏതാണ്ട് 2 മണിക്കൂർ യാത്ര ചെയ്താൽ ഈ 40 വളവുകളിൽ കൂടെ കടന്നു പോകാം. ഒരു കാറിൽ പോകാവുന്ന ആളുകളാണെങ്കിൽ ഓരോ വളവും കണ്ട് ആസ്വദിച്ച്, ഓരോ സ്ഥലത്തും എഴുതി വച്ചിരിക്കുന്ന പേരുകളും അറിഞ്ഞ് പോകുവാൻ കഴിയും. ഓരോ വളവിലും വണ്ടി 180 ഡിഗ്രിയിൽ തിരിയണം. വന്യമൃഗങ്ങളുടെ വിഹാര കേന്ദ്രമായതിനാൽ അതും ശ്രദ്ധിക്കണം. ഈ കഴിഞ്ഞ ദിവസം ഒരു വന്യമൃഗം ഒരു കുട്ടിയെ കൊന്ന കാര്യം നാം അറിഞ്ഞതുമാണ്.



ആനമലൈ ദേശീയപാർക്ക് റോഡിലെ മുടികുത്തി വളവുകൾ

വലിയ തേയില തോട്ടങ്ങൾ, ഡാമുകൾ എല്ലാം യാത്രയിൽ ദൃശ്യമാകും. സത്യത്തിൽ നിർത്തി നിർത്തി പോകുന്ന ബസ്സിൽ യാത്ര ചെയ്താൽ നമുക്ക് ഈ യാത്ര കൂടുതൽ ആസ്വാദ്യ കരമാവും.

## ഷോളയാർ ഡാം

ഷോളയാർ ഡാം ചാലക്കുടിപ്പുഴയ്ക്ക് കുറുകേ ആണ് കെട്ടിയിരിക്കുന്നത്. ഷോളയാർ പ്രധാന ഡാം, ഷോളയാർ ഫ്ലാങ്കിംഗ് ഡാം, ഷോളയാർ സാഡിൽ ഡാം എന്നിവ ഇവിടെ ഉണ്ട്. 1964-1965 വർഷങ്ങളിൽ ആയി ആണ് ഈ **അണക്കെട്ടുകൾ** നിർമ്മിച്ചത്. ചാലക്കുടി പട്ടണത്തിനു 65 കിലോമീറ്റർ കിഴക്കായി ആണ് ഷോളയാർ ഡാം. ഷോളയാർ - ചാലക്കുടി പാതയിലാണ് ആതിരപ്പിള്ളി വെള്ളച്ചാട്ടവും ഷോളയാർ അണക്കെട്ടും വരിക.



ഷോളയാർ ഡാമിന്റെ കവാടത്തിൽ ലേഖകൻ



ഷോളയാർ ഡാം

തേയില തോട്ടങ്ങളുടെ ഇടയിൽ എന്തി നാണ് ഓക്ക് പോലുള്ള മരങ്ങൾ നിൽക്കുന്നത് എന്ന് ഞാൻ എപ്പോഴും ആലോചിക്കാറുണ്ട്. ഇത്തവണ ഞാൻ അതിന്റെ കാരണങ്ങൾ മനസിലാക്കി.



## തണൽ മരങ്ങൾ എന്തുകൊണ്ട് പ്രധാനമാണ്?

തേയിലത്തോട്ടങ്ങളിലെ മനോഹരമായ ഘടകങ്ങൾ മാത്രമല്ല തണൽ മരങ്ങൾ; അവ തേയിലത്തോട്ടങ്ങളുടെ ആരോഗ്യ

ത്തിനും ഉൽപ്പാദനക്ഷമതയ്ക്കും അവിഭാജ്യമാണ്. തേയിലച്ചെടികൾ (*കാമെലിയ സിനെൻസിസ്*) സ്വാഭാവികമായും അവയുടെ തദ്ദേശീയ ആവാസ വ്യവസ്ഥകളിലെ മരങ്ങളുടെ മേലാപ്പിന് കീഴിൽ വളരുന്നു, തേയിലത്തോട്ടങ്ങളിൽ ഈ പരിസ്ഥിതിയെ പകർത്തുന്നത് അനുയോജ്യമായ വളർച്ചാ സാഹചര്യങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുന്നു.

## താപനിലയും ഈർപ്പവും നിയന്ത്രിക്കൽ

തണൽ മരങ്ങളുടെ പ്രാഥമിക ഗുണങ്ങളിലൊന്ന് താപനിലയും ഈർപ്പവും നിയന്ത്രിക്കാനുള്ള അവയുടെ കഴിവാണ്. തേയിലച്ചെടികൾക്ക് മുകളിൽ ഒരു മേലാപ്പ് നൽകുന്നതിലൂടെ, ഈ മരങ്ങൾ അതിലോലമായ ഇലകളെ തീവ്രമായ സൂര്യപ്രകാശത്തിൽ നിന്നും കഠിനമായ കാലാവസ്ഥയിൽ നിന്നും സംരക്ഷിക്കുന്നു.

## മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തൽ

മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിൽ തണൽ മരങ്ങളും ഒരു പ്രധാന പങ്ക് വഹിക്കുന്നു. അവയുടെ കൊഴിഞ്ഞ ഇലകൾ ജൈവവസ്തുക്കളാൽ മണ്ണിനെ വിഘടിപ്പിക്കുകയും സമ്പുഷ്ടമാക്കുകയും ചെയ്യുന്നു,

## ജൈവവൈവിധ്യം പ്രോത്സാഹിപ്പിക്കുന്നു

തണൽ മരങ്ങളുടെ സാന്നിധ്യം തേയിലത്തോട്ടങ്ങൾക്കുള്ളിൽ വൈവിധ്യമാർന്ന ഒരു ആവാസവ്യവസ്ഥയെ വളർത്തുന്നു. പ്രയോജനകരമായ പ്രാണികൾ, പക്ഷികൾ, മറ്റ് വന്യജീവി കൾ എന്നിവയുൾപ്പെടെ വിവിധ ജീവിവർഗങ്ങൾക്ക് അവ ആവാസ വ്യവസ്ഥയും ഭക്ഷണവും നൽകുന്നു. ഈ ജൈവവൈവിധ്യം കീട നിയന്ത്രണത്തിന് സഹായിക്കുകയും രാസ കീടനാശിനികളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യുന്നു.

## തേയിലയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നു

തണൽ മരങ്ങൾക്കടിയിൽ വളരുന്ന തേയിലച്ചെടികൾ പലപ്പോഴും മന്ദഗതിയിലുള്ള വളർച്ചയും നേരിട്ടുള്ള സൂര്യപ്രകാശത്തിൽ നിന്നുള്ള സംരക്ഷണവും കാരണം അതുല്യമായ രുചി സവിശേഷതകൾ വികസിപ്പിക്കുന്നു.

### കാണാനുള്ളത്

ഷോളയാർ ഡാം (Sholayar Dam), ബാലാജി ക്ഷേത്രം, പഞ്ചകുഖ വിനായകർ ക്ഷേത്രം, മങ്കി വെള്ളച്ചാട്ടം (Monkey Falls), ആളിയാർ ഡാം (Aliyar Dam), അതിരപ്പള്ളി വെള്ളച്ചാട്ടം



**മങ്കി വെള്ളച്ചാട്ടം**



അലിയാർ ഡാം റിസർവോയർ പാർക്ക്. പേര് സൂചിപ്പിക്കുന്നത് പോലെ ആളിയാർ അണക്കെട്ടിന്റെ തീരത്താണ്.

എന്തായാലും ഈ യാത്ര ആസ്വദിച്ചെങ്കിലും പൂർണ്ണമായി ല്ലെന്നൊരു തോന്നൽ ബാക്കിയായി.. ഈ വഴിയിൽകൂടി യാത്ര ചെയ്യാത്തവർ ഉണ്ടെങ്കിൽ അടുത്ത യാത്ര അവിടേക്ക് പ്ലാൻ ചെയ്യണം

# 'ചേടത്തി'മാരുടെ കാലം

## ഡോ. മ്യൂസ് മേരി

### :പഴയ തലമുറയിലെ ക്രിസ്ത്യൻ അമ്മച്ചിമാരുടെ ജീവിതചര്യയിലേക്കു ഒരു തിരിഞ്ഞു നോട്ടം.

**ഗൃഹാതുരത്വമുണർത്തുന്ന ഈ ലേഖനം എഴുതിയത് ആലുവ യു സി കോളേജ് മലയാളം അദ്ധ്യാപികയായി റിട്ടയർ ചെയ്ത പ്രശസ്ത സാഹിത്യകാരി ഡോ. മ്യൂസ് മേരി. ആ ലേഖനം പൂർണ്ണമായി വായിക്കുക** :

**മാത്യു അടയ്ക്കാമുണ്ടക്കൽ**

"ഞാനെപ്പോഴും ഓർക്കാറുണ്ട്, പേരില്ലാത്ത ആ ചേടത്തിമാരെപ്പറ്റി. സാരിയോ ചുരിദാറോ ജീൻസോ ഒക്കെ ഇട്ട ഇന്നത്തെ ആന്റിമാരോ ചേച്ചിമാരോ അല്ല അവർ. വേറൊരു ജനുസായാണ്. മിക്കവരും അറിയപ്പെട്ടിരുന്നത് സ്വന്തമായ പേരിലല്ല. ഏലിയാമ്മയോ അന്നമ്മയോ മറിയാമ്മയോ റോസമ്മയോ ബ്രിജീത്തയോ റീത്തയോ ഒക്കെയാകാം അവർ. പക്ഷേ, അവർ അറിയപ്പെട്ടിരുന്നത് ആ പേരിലൊന്നും അല്ല. ആഞ്ഞിലിത്താനത്തെ ചേടത്തിയോ, കുഴിലെച്ചേടത്തിയോ, കുളത്തൂർച്ചേടത്തിയോ, മാവുങ്കച്ചേടത്തിയോ ഒക്കെ ആയി അവർ ജീവിച്ചു. ചട്ടയും മുണ്ടും കവണിയും ധരിച്ച് അവർ മിക്ക ദിവസവും പള്ളിയിൽ പോയി. ശനിയാഴ്ച, ഞായറാഴ്ച കുർബ്ബാനകൾ അവർ

മുടക്കിയിട്ടില്ല. എല്ലാ രാത്രികളിലും അമ്പത്തിമൂന്നുമണി ജപം (കൊന്ത), ചൊല്ലി. ചിലർ തിരുഹൃദയത്തിന്റെ കൊന്തയും വ്യാകുലത്തിന്റെ കൊന്തയും ചൊല്ലി ജീവിച്ചുവരുംവഴി എപ്പോഴോ അവർ സ്വന്തം പേരു മറന്നു. അപ്പനോ ആങ്ങളയോ കെട്ട്യോനോ വിളിക്കുന്നതിനപ്പുറം അവർ വീട്ടുപേരു ചേടത്തിമാരായി മാറി.



എന്റെ ബാല്യത്തിൽ ഈ ചേടത്തിമാർ ആരുടെയും പേർ എനിക്കറിയില്ലായിരുന്നു. അവരെയെല്ലാം കുടുംബപ്പേരിൽ മാത്രമാണ് മനസ്സിലാക്കിയിരുന്നത്. കുത്തുംകല്ലുങ്കച്ചേടത്തിയുടെ പേര് അന്ന എന്നായിരുന്നു എന്നു അറിഞ്ഞത് കൊച്ചുമോളുടെ മാമ്മോദീസ സമയത്താണ്. വല്യമ്മച്ചിയുടെ പേരാണല്ലോ കൊച്ചുമോൾക്ക് ഇടുക. പ്രായത്തിൽ മൂത്തവർ പെണ്ണേന്നോ കൊച്ചേന്നോ വിളിച്ചിട്ടുണ്ടാകും. കെട്ടിയോൻമാർ മിക്കവാറും എടീന്നായിരിക്കും വിളിക്കുക. മക്കൾ അമ്മച്ചീന്നും അയലോക്കത്തെ ആളുകൾ ചേടത്തീന്നും വിളിക്കും. മറ്റു പല ചേടത്തിമാർക്കിടയിൽ ഇവരെ വേറിട്ടറിയുന്നതിന് വീട്ടുപേരുകൂട്ടി ചേടത്തീന്ന് പറയും. എന്നാൽ, ചേട്ടന്മാർ കുഞ്ഞൂട്ടിച്ചേട്ടനും കുഞ്ഞേപ്പുച്ചേട്ടനും അപ്പച്ചഞ്ചേട്ടനും അപ്രേഞ്ചേട്ടനും തോമ്മാച്ചേട്ടനും കുഞ്ഞച്ചഞ്ചേട്ടനും മത്തായിച്ചേട്ടനും തൊമ്മഞ്ചേട്ടനും ഒക്കെയായി വിളിക്കപ്പെടുകയും അറിയപ്പെടുകയും ചെയ്തു. ചിലപ്പോഴൊക്കെ വീട്ടുപേരുപോലുമില്ലാതെ കുഞ്ഞേപ്പുച്ചേട്ടന്റവടുത്തെ ചേടത്തിയെന്നൊക്കെ പറഞ്ഞെന്നും ഇരിക്കും. എന്നാൽ കാഞ്ഞിരപ്പള്ളിയിലെ സമ്പന്നരും ഫ്യൂഡൽ പ്രമാണിമാരുമായ വീടുകളിലെ ചേടത്തിമാർ മറിയാമ്മച്ചിയോ അന്നമ്മച്ചിയോ ഒക്കെയായി അസ്തിത്വവും പദവിയും പൂർണ്ണമായി നഷ്ടപ്പെടുത്താതെ ജീവിച്ചു..

ഇടത്തരം സാമ്പത്തികസ്ഥിതിയോ അതിലും താഴ്ന്ന സാമ്പത്തിക സ്ഥിതിയോ ഉള്ള വീടുകളിലെ ചേടത്തിമാരുടെ ദൈനംദിനജീവിതം തിരക്കുപിടിച്ചതായിരുന്നു. നേരം ഏഴര വെളുക്കും മുൻപേ അടുക്കളപ്പണി തീർക്കാൻ തിടുക്കപ്പെട്ടിരുന്നവർ. വെളുപ്പിനെ നാലുമണിക്കോ അഞ്ചുമണിക്കോ ഉണർന്നുകഴിഞ്ഞാൽ പിന്നെ വായ കഴുകി മുടി വാരിക്കെട്ടി വച്ച്  മുട്ടുമ്മേ നിന്ന് പ്രാർത്ഥിക്കാതെ അവർ ഒന്നും ചെയ്തിരുന്നില്ല.

വേദപുസ്തക വായനയൊന്നും അവർക്കുണ്ടായിരുന്നില്ല. വേദപുസ്തകം (ബൈബിൾ) വായിക്കുകയോ അൽമായർ (അല്മേനി) അർത്ഥം കണ്ടെത്തുകയോ ചെയ്യുന്നത് അന്നൊന്നും കത്തോലിക്കാസഭ അനുവദിച്ചിരുന്ന കാര്യമേയല്ല.. വായിക്കാനും പഠിക്കാനും വ്യാഖ്യാനി ക്കാനും അധികാരപ്പെട്ടവർ അച്ചന്മാർ മാത്രമായിരുന്നു. സന്ധ്യാപ്രാർത്ഥനാസമയത്ത് ബൈബിൾ വായിക്കുന്നത് കത്തോലിക്കാവിശ്വാസജീവിതത്തിന്റെ ഭാഗമായിട്ട് ഒരു മുപ്പതുകൊല്ലം ഒക്കെയേ ആയിട്ടുള്ളൂ.

കൊന്ത / ജപമാല ഭക്തി കത്തോലിക്കാ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു. അമ്പത്തിമൂന്നുമണി ജപം (കൊന്ത) നൂറ്റമ്പത്തിമൂന്നുമണി ജപം (സന്തോഷം, ദുഃഖം, മഹിമ എന്നീ മൂന്നു 'രഹസ്യ'ങ്ങളും ഉൾ ക്കൊണ്ട കൊന്ത). തിരുഹൃദയത്തിന്റെ കൊന്ത, വ്യാകുലത്തിന്റെ കൊന്ത, സകല പുണ്യാളന്മാരുടെയും ലുത്തിനിയ എന്നിങ്ങനെയുള്ള വേറെയും പ്രാർത്ഥനകൾക്കുപുറമേ സന്ധ്യയിലും പ്രഭാതത്തിലും ചൊല്ലിയിരുന്ന പ്രാർത്ഥനകൾ ഉണ്ടായിരുന്നു. മാതാവിനോടുള്ള (കന്യാമറിയം) ഭക്തിയും പ്രാർത്ഥനയും ജീവശ്വാസം പോലെയായിരുന്നു. കൊന്തമണികളിലൂടെ വിരലുകൾ സഞ്ചരിച്ചിരുന്നുവെങ്കിലും സ്ഥിരമായി കൊന്ത കഴുത്തിലിട്ടുകൊണ്ട് നടക്കുന്നത് അന്ന് കുറവായിരുന്നു. നല്ല സാമ്പത്തികസ്ഥിതിയുള്ളവർ സ്വർണ്ണക്കൊന്ത അണിഞ്ഞിരുന്നു. എന്നാൽ വെന്തിങ്ങയും മിന്നുമാലയും കഴുത്തിൽ നിന്ന് മാറ്റാറില്ല. മിന്നിടാൻ മാലയില്ലാത്തവർ മിന്ന് (താലി) ഒരു വെളുത്ത നൂലിൽ കെട്ടി കഴുത്തിൽ ധരിച്ചിരുന്നു. കുണുക്കും കമ്മലും ഇട്ട ചേടത്തിമാരായിരുന്നു കൂടുതലും. പറമ്പിൽ പണിതും അരി ഇടിച്ചും പൊടിച്ചും കയ്യാലേം കുന്നും കേറിയിറങ്ങിയും നല്ല ഉറച്ച ശരീരവും മുഴുത്ത മാറിടങ്ങളും വിണ്ട കാല്പ്പാദങ്ങളും തേഞ്ഞ തേഞ്ഞ നഖങ്ങളുമൊക്കെയായി അവർ ജീവിച്ചു.



അധ്വാനിക്കാതെ വെറുതെയിരിക്കുക ചേടത്തിമാരുടെ സിലബസിൽ ഉണ്ടായിരുന്നില്ല. ആനത്താനത്തെ മറിയാമ്മച്ചേടത്തി ഓലത്തുഞ്ചാണികൊണ്ട് നല്ല ചൂലുകെട്ടിയെടുക്കും എന്ന് സോദാഹരണപ്രഭാഷണം എത്രയോ തവണ കേട്ടിട്ടുണ്ട്. ഗ്രാനൈറ്റും മറ്റും തറ മിനുക്കുന്നതിന് മുൻപ് മുറിയടിക്കാൻ ഇത്തരം ചൂലുകളാണ് ഉപയോഗിച്ചിരുന്നത്. ഏക്കറുകളോളം തെങ്ങിന്പുരയിടം ഉണ്ടായിരുന്ന ആനത്താനത്തെ മറിയാമ്മച്ചിയും അധ്വാനിച്ചിരുന്നു എന്ന ഓർമ്മപ്പെടുത്തൽ ജീവിതത്തിൽ അധ്വാനിക്കേണ്ടതിന്റെ ആവശ്യകതയ്ക്കുള്ള അടിക്കുറിപ്പായിരുന്നു. പിന്നീട് ഒരിക്കൽ ഞാൻ ഈ മറിയാമ്മച്ചിയെ കണ്ടു. നന്നായി വെളുത്ത് സുന്ദരിയായ ഒരമ്മച്ചി. ചട്ടയും മുണ്ടുമൊക്കെ ധരിച്ച്, കുലീനമായ പെരുമാറ്റവും ചിരിയുമൊക്കെയുള്ള ആ രൂപം ഇന്നും അത്ര വ്യക്തമായിട്ടല്ലെങ്കിലും മനസ്സിലുണ്ട്.




പണിയെടുക്കാതെ കഞ്ഞികുടിക്കാൻ ആരും ശ്രമിച്ചിരുന്നില്ല. രാവിലെ കുറച്ച് തെകത്തു കപ്പയും ഉണക്കമീൻ കൂട്ടാനും

കഴിച്ചിട്ടായിരിക്കും മിക്കവരും പണിക്കിറങ്ങുക. അതിനുമുൻപ് വീട്ടിലെ ഒരു നീക്കുപണി കഴിഞ്ഞിട്ടുണ്ടാകും.

പറമ്പിലും കയ്യാലയിലും ആണുങ്ങൾക്കൊപ്പം പണിയുന്നവരായിരുന്നു സാദാ ചേടത്തിമാരിലധികവും. ഉണക്കക്കപ്പ തലേന്നെ വെള്ളത്തിലിട്ട് കുതിര്ത്തതിനുശേഷം പിറ്റേന്നു രാവിലെ വലിയ ചെരുവത്തിലിട്ടു തിളപ്പിച്ച് വേവിച്ചെടുക്കുന്നതാണ് മിക്ക വീടുകളിലെയും പ്രഭാത ഭക്ഷണം. ഇത് തേങ്ങ ചേര്ത്ത അരപ്പിട്ട് ഇളക്കിയെടുക്കും. തേങ്ങയില്ലാത്തപ്പോൾ വേവിച്ച് വെള്ളം ഊറ്റിക്കളഞ്ഞ് ഉപ്പുനീരുമൊഴിച്ച് കഴിക്കും. ഉണക്കമീന് ചുട്ടതോ വറത്തതോ കാന്താരി വച്ച് അടച്ചൂറ്റിയുടെ മോളിലോ അരകല്ലിലോ വച്ച് ചതച്ചെടുത്ത കപ്പയുമാണ് സാമ്പത്തികസ്ഥിതി കുറഞ്ഞ വീടുകളിലെ പ്രഭാതഭക്ഷണം. പെരുന്നാളുകൾക്കും ഈസ്റ്ററിനും ക്രിസ്മസിനുമൊക്കെ വെള്ളേപ്പമോ പാലപ്പമോ ഉണ്ടാക്കും. ചിലപ്പോഴൊക്കെ പുട്ടും അരിഓറോട്ടിയും കൊഴുക്കട്ടയുമൊക്കെ മെനുവിൽ പെടുമെങ്കിലും കപ്പയും കഞ്ഞിയുമൊക്കെയാണ് സാധാരണ രീതി. കപ്പ പുഴുങ്ങിയതിനുശേഷം ആ അടുപ്പിൽ കഞ്ഞിക്ക് വെള്ളം വയ്ക്കും. കെട്ടിക്കാത്ത പെൺമക്കൾ ഉണ്ടെങ്കിൽ അവർ ബാക്കി അടുക്കളക്കാര്യം നോക്കും. ചോറു തടയിലിടും, കൂട്ടാനൊരു ചാറുകറി വയ്ക്കും. മീനോ ഇറച്ചിയോ എന്തെങ്കിലും മിക്കവാറും കാണും. അടുപ്പിന്റെ മൂട്ടിൽ സദാ കരിപിടിച്ച മുഖവുമായി ഒരു കൊച്ചു ചെമ്പുകലം ഇരിക്കുന്നുണ്ടായിരിക്കും. ചൂടാറാത്ത ചക്കരക്കാപ്പി അതിലുണ്ടായിരിക്കും. തീരുമ്പം തീരുമ്പം അതു പിന്നേം തിളപ്പിക്കും. വീട്ടില്വരുന്ന അതിഥികൾക്കും വീട്ടിലുള്ളവർക്കും പറമ്പിൽ പണിയുന്നവർക്കും മെല്ലാം ചൂടുള്ള കാപ്പി നിര്ലോഭം കൊടുക്കും. ഇച്ചിരി ചൂടുകാപ്പി കൊടുക്കാത്തവർ അറുത്തകൈക്ക് ഉപ്പുതേക്കാത്തവരാ യിരിക്കും. അങ്ങനത്തെ പെണ്ണുങ്ങളൊള്ള വീട് കൊണംപിടിക്കത്തില്ലന്ന് പ്രായമായവരും പറയും. കുടിക്കാൻ കൊടുക്കുക, ബീഡി കത്തിക്കാൻ തീക്കൊള്ളി കൊടുക്കുക, ദാഹിച്ചുവരുന്നവർക്ക് ചൂടുകഞ്ഞിവെള്ളം കൊടുക്കുക എന്നതൊക്കെ ചേതമില്ലാത്ത ഉപകാരങ്ങളായി കരുതിപ്പോന്നിരുന്നു. കഞ്ഞിവെള്ളത്തിന് അത്യാവശ്യ ക്കാരും അക്കാലത്ത് ഉണ്ടായിരുന്നു. "ഇച്ചി, കഞ്ഞാവെള്ളോം കൂട്ടാഞ്ചാറും ഇങ്ങെടുത്തേ" എന്നു പറയുന്ന അപ്പാപ്പന്മാരും ഉണ്ടായിരുന്നു.

പ്രസവരക്ഷയിലാണ് മിക്കവരും രക്ഷപ്പെട്ടിരുന്നത്. പ്രസവിക്കുന്തോറും ആരോഗ്യം വർദ്ധിക്കുന്നതായിട്ടാണ് മിക്കവരും പറയുന്നത്. ഗർഭധാരണവും പ്രസവവും നിത്യജീവിതത്തിന്റെ സാധാരണ കാര്യങ്ങളായിട്ടാണ് അവര് കരുതിപ്പോന്നിരുന്നത്. എന്റെ പത്താംക്ലാസിലെ ഒരു കൂട്ടുകാരി അവരുടെ വീട്ടിലെ പതിനഞ്ചാമത്തെ സന്താനമായിരുന്നു. പ്രസവം കഴിഞ്ഞ് അര മുറുക്കിയുടുത്ത് ഗർഭപാത്രം ചുരുങ്ങുന്നതുവരെ ഉണക്കലരി ചോറും പച്ചക്കറിയും നല്ല ആട്ടിൻകരൾ കുരുമുളകിട്ട് നെയ്യിൽ വറുത്തതുമൊക്കെ കഴിച്ച് തങ്ങളുടെ ആരോഗ്യം നോക്കാൻ ചേടത്തിമാരും വീട്ടിലുള്ളോരും ശ്രദ്ധിച്ചിരുന്നു. ആദ്യത്തെ പതിനഞ്ചുദിവസം അധികം വെള്ളമൊന്നും കുടിക്കില്ല. പതിനാറിന് അടുത്തുള്ള തോട്ടിൽ അടിച്ചുതളിച്ച് കുളിച്ചുകയറും. ചിലരൊക്കെ അന്നുമുതല് ജോലി ചെയ്തുതുടങ്ങും. സമ്പന്നരായ നസ്രാണിച്ചിമാർ മൂന്നുമാസം തനി വിശ്രമത്തിലായിരിക്കും. നാല്പാമരമിട്ട് വെന്ത വെള്ളത്തിൽ കുളിക്കും. ധന്വന്തരം കുഴമ്പ് തേക്കും. ഉച്ചി തണുക്കെ എണ്ണ പുരട്ടും. കുറുന്തോട്ടി താളിയോ, ചെമ്പരത്തി താളിയോ ചൊറിയൻതാളിയോ ഇട്ട് തലകഴുകും. തൊട്ടാവാടി സമൂലം ഇട്ട് കഞ്ഞിവച്ച് കുടിക്കും. ആടിന്റെ ഇറച്ചികൊണ്ട് ലേഹ്യം, ആടിന്റെ തലയും കാലുമൊക്കെ ക്കൊണ്ടുള്ള സൂപ്പ് എന്നിവയൊക്കെ മേമ്പൊടിയായി ഉണ്ടാകും. ചുരുക്കത്തിൽ ഇതെല്ലാം കഴിയുമ്പോൾ ചേടത്തിമാർ ഒന്നുതെളിയും.

പൊതുവെ അച്ചായന്മാരാകട്ടെ, തങ്ങടെ പെണ്ണുമ്പിള്ളേ വിട്ടിട്ട് വേറെ എടങ്ങേറിനൊന്നും പോകുകേമില്ല. ഇങ്ങനെ എട്ടും പത്തും പെറ്റ ചേടത്തിമാർക്ക് ഈ കൊച്ചുങ്ങൾക്ക് ആഹാരം കൊടുക്കാതെ സ്വന്തം വയർ നിറയ്ക്കാൻ തോന്നില്ല. അപ്പം പിന്നെ, കുഞ്ഞേപ്പും തോമ്മാക്കുട്ടീം മേരിക്കുഞ്ഞും അവിരാച്ചനും കുഞ്ഞൂട്ടീം റോസമ്മേ മൊക്കെയായി മക്കൾ എന്തും തിന്നാന് പ്രാപ്തരായി നിൽക്കുമ്പോൾ കഞ്ഞിവെള്ളത്തിലേയ്ക്കും ഇറച്ചിക്കറിയിലെ തേങ്ങാക്കൊത്തിലേയ്ക്കും കാന്താരി ചമ്മന്തി യിലേക്കുമൊക്കെ ചേടത്തിമാർ ചുവടുമാറ്റും. അതെല്ലാം സന്തോഷത്തോടെ സഹിക്കുവാൻ മെരുക്കപ്പെട്ട അമ്മമാരായിരുന്നു അവരെല്ലാം. .ഏത് അധ്വാനത്തിരക്കിനിടയിലും അവർ പള്ളീപ്പോകാൻ സമയം കണ്ടെത്തും. ഞായറാഴ്ച ക്കുർബ്ബാന മൊടക്കത്തേയില്ല.

ശുദ്ധഗതിക്കാരായ ചേടത്തിമാരെക്കുറിച്ച് കുറെക്കഥകളുണ്ട്. സംഭവങ്ങൾ കഥകളായി മാറിയവയാണ് മിക്കതും. ഒരു കഥ പറയാം.

നാട്ടിലെ ഒരു പയ്യൻ രാവിലെ പള്ളിയിൽ പോവുകയാണ്. പുലര്ച്ചെ 6.15 സമയം. നേരെ റോഡേ പോയാൽ സമയം വൈകുന്നതിനാൽ അവൻ കയ്യാല കേറിയുള്ള കുറുക്കു വഴിയേ പോവുകയാണ്. ആ വഴിയിൽ വീടുള്ള ചേടത്തി കയ്യാലച്ചോട്ടിലിരുന്ന് മൂത്രമൊഴിക്കുന്നു. അവൻ അത് കണ്ടില്ലാന്നുവച്ച് വിട്ടടിച്ചുപോവുകയാണ്. ചേടത്തി പാതി കുനിഞ്ഞുനിന്നോണ്ട് ഒരു ചോദ്യം,
"മോനേ, മോൻ പള്ളീപ്പോവാണോ?".
അതുവഴി കൊച്ചുവെളുപ്പാം കാലത്ത് കേറിപ്പോകുന്നത് പള്ളിലോട്ടാണെന്ന് അറിയാൻ പാടില്ലാത്ത കൊച്ചുപിള്ളേരു പോലുമില്ല. പിന്നല്ലേ ചേടത്തി. പക്ഷേ, രാവിലെ കാണുന്നോരോട് ഒരു കുശലം പറയാതെ പോയാ അത് മര്യാദകേടാകുമല്ലോന്ന് വിചാരിച്ച ആ ശുദ്ധഗതിക്കാരി യോട്, "എന്താ ചേടത്തി, മുള്ളുകാണോ" ന്ന് ചോദിക്കുകാ വേണ്ടതെന്ന് അവൻ പറയുമ്പോൾ ചേടത്തിമാരുടെ പാവത്തരമാണ് ഞാനോർത്തത്.

പാചകോം കുഞ്ഞുങ്ങളെ വളർത്തലും പറമ്പിപ്പണീമൊക്കെ കൊണ്ട് ചേടത്തിമാരുടെ അധ്വാനം അവസാനിക്കില്ല. മഴക്കാലത്തേയ്ക്ക് വേണ്ടി സംഭരിക്കുകയോ സൂക്ഷിക്കുകയോ ചെയ്യാവുന്ന ആഹാരപദാർത്ഥങ്ങൾ കണ്ടെത്തി തയ്യാറാക്കേണ്ടതും വലിയ പണിയാണ്. കുറേയധികം കപ്പ വാട്ടി ഉണക്കിവയ്ക്കും. കപ്പ പറിക്കുന്നതും വാട്ടുന്നതും ആണുങ്ങളാണെങ്കിലും കപ്പ അരിയുന്നതെല്ലാം ചേടത്തിമാരും പണിക്കാരത്തികളും കൂടിയാണ്. പരന്ന പ്രതലമുള്ള കപ്പക്കത്തിക്ക് കനം കുറവായിരിക്കും. നല്ല മൂർച്ചയും. ചടുചടാന്ന് കപ്പപ്പൂളുകൾ കത്തിവായിൽ നിന്ന് തെറിച്ചുവീഴുന്നത് നോക്കിയിരുന്നാൽ കൊതിവരും അതുപോലൊന്ന് ചെത്താൻ. അതൊരു നൈപുണ്യമാണ്. അതില്ലാത്തോരു പണിയാൻ ചെന്നാൽ വിരലു മുറിഞ്ഞുവീഴുന്നത് എപ്പോഴെന്നറിയില്ല. ചെത്തിവാട്ടി ഉണക്കിയെടുത്ത കപ്പ ചാക്കിൽ കെട്ടി സൂക്ഷിക്കണം. ഉപ്പേരിക്കപ്പ, വെള്ളക്കപ്പ, കൊത്തുകപ്പ, അവലോസ് കപ്പ അങ്ങനെ പല ആകൃതിയിലും രീതിയിലും ഉണക്കി വയ്ക്കുന്നവ.

ചക്ക വറുത്തും ചക്കപ്പഴം വരട്ടിയും കുട്ടകത്തിലടച്ച് കെട്ടിവയ്ക്കണം. ചക്ക ഉണങ്ങിയത് കാറ്റുകേറാതെ സൂക്ഷിച്ചുവയ്ക്കണം. കണ്ണിമാങ്ങാപരുവത്തിൽ മാങ്ങ പറിച്ചെടുത്ത് അച്ചാറിട്ട് ഭരണിയിൽ കെട്ടിവയ്ക്കണം.

ഉപ്പുമാങ്ങ ഭരണി നിറയ്ക്കണം. മാങ്ങാപ്പഴം തഴപ്പായയിലുരച്ചുരച്ചുണക്കി മാന്തെര ഉണ്ടാക്കണം.. ചക്കക്കുരു മണലിൽ പൂഴ്ത്തിവച്ച് മൂടച്ചക്കക്കുരുവായി സൂക്ഷിച്ചു വയ്ക്കണം. ഏത്തപ്പഴം ഉണക്കിയെടുത്ത് ഭരണിയിലിട്ട് വയ്ക്കണം. കാച്ചിക്കയും ചേനയും പൊകയത്തുവച്ച് വെള്ളം വറ്റിയിട്ട് മാറ്റി സൂക്ഷിച്ചു വയ്ക്കണം. അരി പൊടിച്ച് വറുത്ത് അത്രയും തന്നെ തേങ്ങ ചിരകി പൊടിയിൽ തിരുമ്മി ജീരകോം ചേർത്ത് വറുത്ത് വറുത്ത് അവലോസ്പൊടി ഉണ്ടാക്കണം. കുറച്ചെടുത്ത് പഞ്ചസാര പാനിയുണ്ടാക്കി അവലോസുണ്ടയാക്കണം. (അവലോസുണ്ട കണ്ടാൽ പട്ടിക്കിട്ടെറിയാൻ കൊള്ളാമെന്ന് തോന്നിയിരുന്നു, അത്ര കടുപ്പം). ഉണക്കത്തേങ്ങ തരുതരുപ്പായി ചിരണ്ടി മുളകും വേപ്പിലയും ചെറിയ ഉള്ളിയും ഇഞ്ചിയും ചേർത്ത് വറുത്ത് വാളൻപുളിയും ഉപ്പും ചേർത്ത് ഉരലിലിടിച്ച് വേപ്പിലക്കട്ടി (സമ്മന്തിപ്പൊടി) ഉണ്ടാക്കണം. പാവയ്ക്കയും കുമ്പളങ്ങയും മുളകും എന്നുവേണ്ട ഉപ്പു ചേർത്തുണക്കാവുന്ന പച്ചക്കറിയെല്ലാം ഉണക്കിവയ്ക്കണം. മഴ തുടങ്ങിയാപ്പിന്നെ ഇതുവല്ലോം കിട്ടുമോ? ആയതിനാൽ വേനൽക്കാലം മുഴവൻ പണിയോട് പണി. മഴക്കാലത്ത് വിശപ്പ് കാർന്നുതിന്നുന്ന വയറന്മാരെത്ര പേരുകാണും വീട്ടിൽ. എല്ലാത്തിനും വല്ലോമൊക്കെ കൊടുക്കണ്ടേ എന്ന ചോദ്യം മനസ്സിലെപ്പോഴും ഉണ്ടാകും.



ഉപ്പുമാങ്ങ ഭരണി

മഴയ്ക്ക് മുൻപ് പറമ്പായ പറമ്പൊക്കെ കേറിയിറങ്ങി ഉള്ള ചൂട്ടും മടലും ക്ലാഞ്ഞിലുമൊക്കെ വലിച്ചോണ്ടുവരണം. ചൂട്ടുകോതി കെട്ടുകെട്ടായി വീടിന്റെ പരിയമ്പുറത്തുള്ള മേല്ക്കൂരേൽ കെട്ടിത്തൂക്കിയിടും. അടുക്കളവശത്തുള്ള മേല്ക്കൂരയ്ക്ക് ചുവട്ടിലും കാണാം ഇത്തരം കെട്ടുകൾ. മഴ നനഞ്ഞ് ഓല ഇറുന്നുപോകാതെ സൂക്ഷിച്ചുവയ്ക്കുന്നതാണിത്. മഴക്കാലത്ത് അടുപ്പിൽ തീ കൂട്ടണമെങ്കിൽ ഈ ഓലക്കാൽ അത്യാവശ്യം. അല്ലേൽ മഴക്കാലത്ത് തീപിടിക്കാൻ പാടാണ്. ഊതിയുതി തല തെറിക്കും. മഴക്കാലത്ത്, വിറകൊക്കെ എടുത്ത് ചേരിൽ വയ്ക്കും. അടുപ്പിലെ തീ കൂടി കിട്ടി നല്ല ചൂടായിരിക്കുന്ന വിറകുണ്ടെങ്കിൽ പിന്നെ അടുപ്പിലെ കാര്യം കുഴപ്പമില്ലാതെ കഴിഞ്ഞുകിട്ടും. മൂന്നടുപ്പുകളൊക്കെ കത്തിനിന്നാലല്ലേ വീട്ടിലുള്ള എല്ലാറ്റിനും തിന്നാൻ കൊടുക്കാനൊക്കത്തൊള്ളൂ എന്നവർ അറിഞ്ഞിരുന്നു. അവർക്കുമാത്രമാണോ, കന്നുകാലികൾക്കും കൊടുക്കെണ്ടേ. പുളിമ്പൊടി വേവിച്ചതും പിണ്ണാക്കു വെന്തതുമൊക്കെ.




ഉരലും ഉലക്കയും ഇടിക്കലും പൊടിക്കലും

ഇടിച്ചും പൊടിച്ചും വറുത്തരച്ചും വറക്കാതെ അരച്ചുമൊക്കെയാണ് അക്കാലത്തെ അടുക്കളപ്പണി മുന്നോട്ട് പോയിരുന്നത്. അഞ്ചും എട്ടും പിള്ളേരും കെട്ട്യോനും അതിയാന്റെ അപ്പനുമമ്മേം പറമ്പിപ്പണിക്കാരുമൊക്കെ കൂടി ഉച്ചയ്ക്കുണ്ണാനും മറ്റും എത്രപേരു കാണുമായിരിക്കുമെന്നോർത്ത് നോക്ക്. അരകല്ലിനൊരു മടുപ്പും ഉണ്ടാകാൻ വഴിയില്ല. ചേടത്തിമാർക്കും. ഇറച്ചിക്കാണെങ്കിലും മീനിനാണെങ്കിലും മുളകും മല്ലീം വറുത്തരയ്ക്കണം. മിക്ക വീടുകളിലെയും അരകല്ല് അരഞ്ഞരഞ്ഞ് നടുകുഴിഞ്ഞതായിരിക്കും. നടുവളഞ്ഞ ചേടത്തിമാരെത്തന്നെയാണ് അതും ഓർമ്മിപ്പിക്കുക. അരകല്ലുംപിള്ളയാണെങ്കിൽ ഉരുട്ടിയുരുട്ടി മെലിഞ്ഞതും. ഇറച്ചിയൊക്കെ വയ്ക്കണമെങ്കിൽ മുളകും മല്ലീം ‘മസാല’യും (ഇറച്ചിമസാല) ചേർത്ത് വറത്ത് ഉരലിൽ പൊടിച്ചിട്ടോ പൊടിക്കാതെയോ അരയ്ക്കണം. 10, 15 പേർക്ക് തിന്നണമെങ്കിൽ എത്ര കിലോ ഇറച്ചി വേണം. അതിന് എത്ര മൊളകും മല്ലീം വേണം. എത്രനേരം നിന്ന് അരയ്ക്കണം. അരച്ചരച്ച് കൈനീറിപ്പുകഞ്ഞിരിക്കണം. നീറുന്ന – പുകയുന്ന കൈയ് വെളിച്ചണ്ണ പുരട്ടി നീറ്റലടക്കിയിരിക്കണം. ഇതൊന്നും ഓർത്തോണ്ടിരിക്കാൻ–ഊതിത്തണുപ്പിക്കാൻ ആർക്കാണ് നേരം. പയ്യെപ്പയ്യെ കയ്യും ഇതൊക്കെ തിരിച്ചറിഞ്ഞിട്ടു ണ്ടാകും. അരേം ഇടീമൊക്കെയാണ് പ്ലഷറും (ബ്ലഡ് പ്രഷര്) പഞ്ചാരേമൊന്നുമില്ലാതെ കാത്തതെന്ന് പിന്നീടവർ പറയുമെങ്കിലും അതൊരു ഒന്നൊന്നര പണിക്കാലമായിരുന്നു.

കന്നുകാലീം കോഴീമില്ലാത്ത വീടുണ്ടാകുമോ അന്നൊക്കെ? ചേടത്തിമാരുടെ അല്ലറചില്ലറ വരുമാനമൊക്കെ ഇതാണ്. കുറച്ച് പാലും മൊട്ടേമൊക്കെ എങ്ങനെ ‘ദുരിശി’ച്ചിട്ടാണേലും അവരു വിൽക്കും. അത് സ്വരുക്കൂട്ടിവച്ചിട്ട് പെൺമക്കൾക്ക് വല്ല പൊന്നോ പൊടിയോ ഒക്കെ വാങ്ങിക്കും. കന്നുകാലികളെ, വിശേഷിച്ച് പശുക്കളെ പൊന്നുപോലാണ് നോക്കിയിരുന്നത്. കടലപ്പിണ്ണാക്കും തേങ്ങാപ്പിണ്ണാക്കും പുളിമ്പൊടീമൊക്കെ വേവിച്ച് കൊടുത്ത് അതുങ്ങടെ വെശപ്പടക്കാതെ ചേടത്തിമാർക്ക് തൊണ്ടേന്ന് വറ്റെറങ്ങത്തില്ല. ഉച്ചയ്ക്കത്തെ പ്രാതലിന്റെ പണിതീർന്നാപ്പിന്നെ പിണ്ണാക്കും പുളിമ്പൊടീം തെളപ്പിക്കാനുള്ള ചെരുവം അടുപ്പിൽ കയറിയിട്ടുണ്ടാകും. അതിന് തീയിട്ട് വേവിച്ച് അവർക്കു കൊടുക്കണം. പറമ്പായ പറമ്പൊക്കെ ചേടത്തീം മക്കളും ചിലപ്പോൾ ചെട്ടൻമാരും കേറിയിറങ്ങി പുല്ലു ചെത്തി കെട്ടാക്കി കൊണ്ടുവരും. പുല്ലുംകെട്ട് തലേവച്ച് കയ്യാലയിറങ്ങിവരുന്ന ചേടത്തിമാരുടെ കാഴ്ച അധ്വാന ചിത്രങ്ങളിൽ ഉദാത്തമായിരുന്നു.

വേർപ്പും മണ്ണും കരീം  എരിവും നിറഞ്ഞ ശരീരവും വസ്ത്രവും ഈ അധ്വാനമൊക്കെ അവരുടെ ജീവിതമായിരുന്നു. അതിലെന്നെങ്കിലും പ്രശംസയോ നല്ല വാക്കോ അവർ പ്രതീക്ഷിച്ചിരുന്നോ കിട്ടിയിരുന്നോ എന്നൊന്നും എനിക്കറിയില്ല. അതൊക്കെ കിട്ടിയാലും കിട്ടിയില്ലേലും അവർക്കൊരു ചേതവുമില്ല. എന്റെ ജീവിതത്തിൽ ഇന്ന്


തിരിഞ്ഞുനോക്കുമ്പോൾ ഏറ്റവും കഷ്ടപ്പെട്ടും അധ്വാനിച്ചും ജീവിച്ച ഈ ചേടത്തിമാർ തങ്ങളുടെ ബദ്ധപ്പാടിനെപ്പറ്റി പുറത്തൊരാളോടും പരിദേവനങ്ങൾ പറഞ്ഞിരുന്നില്ല. ഭർത്താവിനോട് പറയാനും കരയാനുമൊന്നും നേരോം കാലോം കിട്ടാൻ വഴി കുറവായിരുന്നിരിക്കണം.

ഇങ്ങനെയൊക്കെയുള്ള ചേടത്തിമാരെ പൊതുവെ ചേട്ടൻമാർക്ക് വലിയ കാര്യമായിരുന്നു. ”മറിയ മറിഞ്ഞാറ്റിച്ചാടി, മറിയേടെ മാപ്പിള പൊറകെ ചാടി” – ഈ പാട്ട് പലതവണ കേട്ടിട്ടുണ്ട്. ചേടത്തിമാരെക്കുറിച്ച് സൂചിപ്പിക്കാനുള്ള ഒരു സാമാന്യ നാമം ആയിരുന്നിരിക്കണം ‘മറിയ’. മറിയ മറിഞ്ഞാറ്റിച്ചാടിയാൽ തീർച്ചയായും കെട്ട്യോൻ മറിയയെ അങ്ങനെ വിടത്തില്ല. ചാടി എടുത്തിരിക്കും. അതാണ് ചേടത്തിമാരുടെ ഒരിത്."

ന്റെർൾൻൽ

# നർമ്മ വീഥി




Can't you wait a little more..IBA has asked Unions to submit fresh proposals on Pension updation ..!!!

# കൗതുക വാർത്തകൾ

**“300 വർഷം മുമ്പ് കാണാതെ പോയ 17 ബില്യൺ ഡോളർ വിലമതിക്കുന്ന നിധി കടലിന്റെ അടിത്തട്ടിൽ കണ്ടെത്തി."**

## കടലിൽ മുങ്ങിയ ഒരു സ്പാനിഷ് കപ്പൽ

300 വർഷങ്ങൾക്ക് മുമ്പ് കടലിൽ മുങ്ങിയ ഒരു സ്പാനിഷ് കപ്പൽ ഇപ്പോൾ വീണ്ടും വാർത്തകളിൽ ഇടം നേടിയിരിക്കുന്നു. കൊളംബിയ തീരത്ത് നിന്ന് കണ്ടെത്തിയ അവശിഷ്ടങ്ങളുടെ അന്വേഷണത്തിൽ ബില്യൺ കണക്കിന് വിലമതിക്കുന്ന നിധി ഒളിപ്പിച്ചിരിക്കുന്ന കപ്പൽ അതേ 'സാൻ ഹോസെ ഗാലിയൻ തന്നെയാണെന്ന് സ്ഥിരീകരിച്ചു. ഈ ചരിത്രപരമായ കണ്ടെത്തലിനുശേഷം, നിധിയുടെ ഉടമസ്ഥാവകാശത്തെച്ചൊല്ലി അന്താരാഷ്ട്ര തർക്കവും ആരംഭിച്ചു.



ഏകദേശം മൂന്ന് നൂറ്റാണ്ടുകളായി സമുദ്രത്തിന്റെ അടിത്തട്ടിൽ കുഴിച്ചിട്ടിരുന്ന നിധി ഒടുവിൽ ലോകത്തിന് മുന്നിൽ തുറന്നു കാണിക്കപ്പെട്ടു. കൊളംബിയ തീരത്ത് കടലിന്റെ അടിത്തട്ടിൽ കണ്ടെത്തിയ കപ്പലിൽ കോടിക്കണക്കിന് ഡോളർ വിലമതിക്കുന്ന സ്വർണ്ണ, വെള്ളി നാണയങ്ങളും ചരിത്രപരമായ പുരാവസ്തുക്കളും ഒളിപ്പിച്ചു വച്ചിരുന്നു. ഈ അവശിഷ്ടം 1708 ൽ മുങ്ങിയ സ്പാനിഷ് യുദ്ധക്കപ്പലായ സാൻ ഹോസെ ഗാലിയന്റെതാണെന്ന് ശാസ്ത്രജ്ഞർ സ്ഥിരീകരിച്ചു.



ഈ കണ്ടെത്തൽ ചരിത്രപ്രേമികൾ, നിധി വേട്ട കമ്പനികൾ, സർക്കാരുകൾ എന്നിവർക്കിടയിൽ വീണ്ടും ചർച്ചയ്ക്ക് തുടക്കമിട്ടു.

# വായനക്കാർ എഴുതുന്നു




# പുസ്തക പ്രകാശനം


### അഡ്വ. പി.പി.ഫിലിപ്പ്

സഭയ്ക്കായി ജ്വലിച്ചൊരു ഹൃദയം - സഭാ ചിന്തകൾ - ഈ പുസ്തകത്തിന്റെ അവതരികയിൽ നിന്ന്....

കഴിഞ്ഞ 53 വർഷങ്ങൾക്കിടയിൽ കേരള കത്തോലിക്കാ സഭയിൽ സംഭവിച്ച പ്രധാന കാര്യങ്ങൾ പുസ്തകത്തിൽ വിശകലനം ചെയ്യുന്നു. ധാരാളം പുതിയ നിർദ്ദേശങ്ങളും ഈ പുസ്തകത്തിലുണ്ട്.



ഫിലിപ്പ് പഴേമ്പള്ളി രചിച്ച **'സഭയ്ക്കായി ജ്വലിച്ചൊരു ഹൃദയം - സഭാ ചിന്തകൾ '** എന്ന പുസ്തകത്തിന്റെ പ്രകാശനം പാലാ രൂപത മുൻ സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ നിർവഹിക്കുന്നു. പുസ്തകം ഏറ്റു വാങ്ങിയ മിസിസ്സ് തങ്കമ്മ ഫിലിപ്പ് പഴേമ്പള്ളി, ചേർപ്പുങ്കൽ S M ബുക്സ്& പബ്ലിഷേഴ്സ് ഉടമ T T തോമസ്, സിസ്റ്റർ സെറീൻ മരിയ, Adv ഫിലിപ്പ് പഴേമ്പള്ളി എന്നിവരെയും കാണാം.




പാലാ സെയന്റ് തോമസ് പ്രസ്സിൽ പുസ്തകം ഉടൻ ലഭ്യമാകും.

# 2025 ജൂൺ മാസം വിരമിക്കുന്നവർ

1. ജയന്തി.എൻ.നീലകണ്ഠൻ ഡെപ്യൂട്ടി മാനേജർ, കുഴൽമന്നം, പാലക്കാട്
2. വിശ്വസരജ അസിസ്റ്റന്റ് മാനേജർ, ഡി.എ.സി. തിരുവനന്തപുരം
3. മനോജ് രാമചന്ദ്രൻ നായർ, സ്പെഷ്യൽ അസോസ്സിയേറ്റ്, മംഗലപുരം തിരുവനന്തപുരം




# ഉഷ ജോർജ്




ഉഷ ജോർജ്

എസ്.ബി.ഐ. പെൻഷണേഴ്സ് & റിട്ടയറീസ് അസ്സോസിയേഷന്റെ കോട്ടയം ജില്ലാ സെന്ററിലെ അംഗം മാങ്ങാനം, വാകത്താനം ചക്കുപുരക്കൽ ഷാജി..ജി.. ജോർജിന്റെ ഭാര്യ ഉഷ ജോർജ് (റിട്ട. എസ്.ബി.ടി.). 2025 ജൂൺ 9–ാം തീയതി തിങ്കളാഴ്ച്ച നിര്യാതയായ വിവരം ഹൃദയഭാരത്തോടെ ഖേദപൂർവ്വം അറിയിക്കുന്നു. 66 വയസ്സായിരുന്നു. ശവസംസ്കാരം ജൂൺ 12–ാം തീയതി വ്യാഴാഴ്ച്ച സെയന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിസെമിത്തേരിയിൽ. നടത്തി. പ്രിയപ്പെട്ടവരുടെ ദേഹവിയോഗത്തിൽ സന്തപ്തരായ കുടുംബാംഗങ്ങളെ എസ്. ബി. ഐ. പെൻഷ നേഴ്സ് & റിട്ടയറീസ് അസോസിയേഷൻ കോട്ടയം ജില്ല സെന്റർ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.



ഉഷ ജോർജിന് അന്ത്യാഞ്ജലി അർപ്പിക്കുന്ന എസ്ബിഐ പെൻഷനേർസ് & റിട്ടയറീസ് അസോസിയേഷൻ അംഗങ്ങളും ജില്ലാ ഭാരവാഹികളും.

# ചെല്ലമ്മ ശ്രീധരൻ നായർ



ചെല്ലമ്മ ശ്രീധരൻ നായർ

എസ് ബി ഐ പെൻഷനേഴ്സ് & റിട്ടയറീസ് അസോസിയേഷൻ കോട്ടയം ജില്ലാ **കേന്ദ്രത്തിലെ** അംഗം പി. എൻ. രാജഗോപാലൻ നായരുടെ, മാതാവ് രാജീവം,( മുക്കാലിൽ) ചെല്ലമ്മ ശ്രീധരൻ നായർ (93). നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു. സംസ്കാരം **2025 ജൂൺ 11–ാം തീയതി** (11-10-25) വീട്ടുവളപ്പിൽ **നടത്തി** .

എസ് ബി ഐ പെൻഷനേഴ്സ് & റിട്ടയറീസ് അസോസിയേഷൻ കോട്ടയം സെന്ററിന്റെ അനുശോചനം സന്തപ്ത കുടുംബാംഗങ്ങളെ അറിയിക്കുന്നു. പരേതയുടെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.



P.N. രാജഗോപാലൻ നായരുടെ മാതാവ് ചെല്ലമ്മ ശ്രീധരൻ നായർക്ക് അന്ത്യാഞ്ജലി അർപ്പിക്കുന്ന എസ് ബി ഐ പെൻഷനേഴ്സ് & റിട്ടയറീസ് അസോസിയേഷൻ കോട്ടയം ജില്ലാ ഭാരവാഹികളും അംഗങ്ങളും

# കെ. രവീന്ദ്രൻ



കെ. രവീന്ദ്രൻ

**എസ്.ബി.ഐ. പെൻഷനേഴ്സ് & റിട്ടയറീസ് അസോസ്സി യേഷന്റെ തൃശൂർ ജില്ലാ സെന്ററിലെ അംഗം** നമുക്കെല്ലാ വർക്കും പ്രിയങ്കരനായ, അസ്സോസ്സിയേഷൻ തൃശൂർ മൊഡ്യൂൾ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി, കെ. രവീന്ദ്രൻ എറണാകുളം **ആസ്റ്റർ മിംസ് ആശുപത്രിയിൽ** വച്ച് ഹൃദയ ശസ്ത്രക്രിയയെ തുടർന്ന് രൂപപ്പെട്ട പ്രശ്നങ്ങൾ കാരണം അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞെന്ന അത്യന്തം ദു:ഖകരമായ വാർത്ത **ഖേദപൂർവ്വം അറിയിക്കുന്നു..** ഭൗതിക ശരീരം 17.06.2025 ചൊവ്വാഴ്ച രാവിലെ 9.30 മണിക്ക് തൃശൂരിലെ വീട്ടിലെത്തിച്ചു. ഉച്ചക്ക് 3.30ന് പാറെമ്മക്കാവ് ശാന്തിഘട്ടിൽ സംസ്കാരം **നടത്തി** .

ഭാര്യ : പരേതയായ രമ. മക്കൾ : ദിവ്യ, ദീപു

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷ**ന്റെ** അനുശോചനം സന്തപ്ത കുടുംബാംഗങ്ങളെ അറിയിക്കുന്നു, അവരുടെ ദുഃഖത്തിൽ പങ്കുചേരുന്നു. പരേത**ന്റെ** ആത്മാവിനു നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

# എസ്.ശശിധരൻ പിള്ള



**എസ്.ശശിധരൻ പിള്ള,**

**എസ്.ബി.ഐ. പെൻഷണേഴ്സ്** & റിട്ടയറീസ് **അസ്സോസി യേഷന്റെ ആലപ്പുഴ ജില്ല കേന്ദ്രത്തിലെ** അംഗം **മാവേലി ക്കര, വെട്ടിയാർ അഞ്ജലിയിൽ എസ്.ശശിധരൻ പിള്ള, (എൽ.എം.13905)** നിര്യാതനായ **വിവരം** വ്യസന സമേതം അറിയിക്കുന്നു.. **എസ്.ബി.ഐ. പെൻഷണേഴ്സ** & റിട്ടയറീസ് **അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.**

# ജേക്കബ്ബ്.എ



**ജേക്കബ്ബ്.എ**

എസ്.ബി.ഐ. പെൻഷനേഴ്സ് & റിട്ടയറീസ് അസോസ്സി യേഷന്റെ എറണാകുളം ജില്ലാ സെന്ററിലെ അംഗം **ജേക്കബ്ബ്.എ. വള്ളാട്ട് പാലാരിവട്ടംനിര്യാതനായ വിവരം അഗാധമായ ദുഖത്തോടെ അറിയിക്കുന്നു സംസ്കാരം 2025 ജൂൺ 25-ാം തിയതി ശനിയാഴ്ച്ച 9.30 മണിക്ക് പാലാരി വട്ടം സെയന്റ് ജോൺസ് ബാപ്റ്റിസ്റ്റ് പള്ളിസെമിത്തേരി** യിൽ. **നടത്തി. എസ്.ബി.ഐ. പെൻഷണേഴ്സ്**

അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.

# മണിയനാചാരി



മണിയനാചാരി

എസ്.ബി.ഐ. പെൻഷണേഴ്സ് & റിട്ടയറീസ് അസ്സോസിയേഷന്റെ വൈക്കം ഏരിയ മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം രാധാമണിയന്റെ ഭർത്താവ്, മണിയനാചാരി (74) അന്തരിച്ച വിവരം അഗാധമായ ദുഖത്തോടെ അറിയിക്കുന്നു.. വടുകുന്നപുഴ, ഇലഞ്ഞി സ്വദേശിയും, വെള്ളൂർ ഹിന്ദുസ്താൻ ന്യൂസ് പ്രിന്റിൽ നിന്നും വിരമിച്ച അസി. മാനേജരുമായിരുന്നു. തെള്ളകം കാരിത്താസ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഭാര്യ: രാധമണിയൻ - എസ്.ബി.ഐ, (റിട്ട.) മക്കൾ: അനുപമ, അനൂരൂപ, മരുമക്കൾ: : സിബിൻ - (ഖത്തർ),, ഹെമേഷ് – (സിംഗപ്പൂർ). ഭൗതികശരീരം ജൂൺ - 27 - വെള്ളി - വൈകിട്ട് - 6 മണിക്ക് വസതിയിൽ എത്തിച്ചു. സംസ്കാരം - ജൂൺ - 28 - ശനി -പകൽ - 11 - 30 - ന്,വീട്ടുവളപ്പിൽ, നടത്തി.

എസ് ബി ഐ പെൻഷനേഴ്സ് & റിട്ടയറീസ് അസോസി യേഷൻ കോട്ടയം സെന്ററിന്റെ അനുശോചനം സന്തപ്ത കുടുംബാംഗങ്ങളെ അറിയിക്കുന്നു. പരേതന്റെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.



അന്തരിച്ച മണിയൻ ആചാരിക്ക് അന്തിമോപചാരം അർപ്പിക്കുന്ന എസ്ബിഐ പെൻഷനേഴ്സ് & റിട്ടയറീസ് അസോസിയേഷൻ, വൈക്കം ഏരിയ അംഗങ്ങളും ഭാരവാഹികളും.

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. കറവുകൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.
ചീഫ് എഡിറ്റർ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ/ രചനകൾ ക്ഷണിക്കുന്നു.**

**ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.
ചീഫ് എഡിറ്റർ**

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല

# കാലവർഷത്തിൽ കുതിർന്ന് നാടും നഗരവും



SBI PENSIONERS ASSOCIATION KERALA
KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com